വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2020
നവംബർ

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

# കയർ ഭൂവസ്ത്രം,
## ഭൂമിക്ക് ചാർത്തിയ കയറിന്റെ പൊന്നരഞ്ഞാണം






# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ
വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

### പരസ്യനിരക്ക് (സൈസ് ഡമ്മി 1/4)

| | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29



കയർ വ്യവസായം

# ഉള്ളടക്കം

**Vol-4, No.-4**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**




**PAGE 10**



**കയർ ഭൂവസ്ത്രം –
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ
തൊഴിലുറപ്പ് പദ്ധതിയിൽ**

**PAGE 17**



**ഇക്കുറി
വിർച്വൽ
കയർ കേരള**

**PAGE 19**



**കയർ ഭൂവസ്ത്രം, ഭൂമിക്ക്
ചാർത്തിയ കയറിന്റെ
പൊന്നരഞ്ഞാണം**

**PAGE 28**



**ഭൂവസ്ത്രത്തിന്റെ
അന്തർദേശീയ വിപണി:
ചില അനുഭവ പാഠങ്ങൾ**

**ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

# കയർ ഭൂവസ്ത്രം: ആഗോളവിപണി വികസ്വരമാകുന്നു

എഡിറ്റോറിയൽ

പരിസ്ഥിതി നാശം ആഗോള ഭീഷണിയായ ഇക്കാലത്ത് പ്രകൃതിയുടെ ജീവ താളവും കയർ മേഖലയിലെ മനുഷ്യരുടെ ജീവിത താളവും തിരിച്ചു പിടിയ്ക്കാൻ ഭൂവസ്ത്രം പോലെ ഉപയുക്തമായ മറ്റൊരു കയർ ഉത്പന്നമില്ല. മണ്ണ്, വായു, ജലം എന്നിവ എല്ലാം മലീമസമാക്കപ്പെട്ടുകഴിഞ്ഞ ഇക്കാലത്ത് മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം ഏറി വരികയാണ്.അതേ സമയം തന്നെ ഭൂമിയെന്ന ജൈവഗ്രഹത്തിന് മേൽ കൊടിയ നാശം വിതയ്ക്കുന്ന സിന്തറ്റിക് ഉത്പന്നങ്ങൾക്കെതിരെ ലോകമെമ്പാടും പൊതുജനവികാരം ഉയർന്നു വരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടേയും പുനരുപയോഗിക്കാവുന്ന ഉത്പന്ന സ്രോതസുകളുടേയും വിപണി ആഗോള തലത്തിൽ കൂടുതൽ കൂടുതൽ വിസ്തൃതമാകുകയാണിന്ന്. ഈ സാഹചര്യത്തിലാണ് ഏറ്റവും പ്രകൃതി സൗഹൃദമായ കയർ ഭൂവസ്ത്രം ഇന്ന് ആഗോള ശ്രദ്ധ ആകർഷിക്കുന്ന ഒരു ഉത്പന്നമായി മാറിയിട്ടുള്ളത്.

പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾക്കുള്ള പ്രധാന പരിമിതി, അതിന്റെ കുറഞ്ഞ ഈടുനിൽപ്പും ഉയർന്ന വിലയുമാണ്. ഇവിടെയാണ് കയറിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്. പ്രകൃതിദത്ത നാരുകളായ ചണം, പരുത്തി തുടങ്ങിയവ മൂന്ന് മാസത്തിനുള്ളിൽ സ്വയം വിഘടിക്കുമ്പോൾ കയർ വർഷങ്ങളോളം ഈടു നിൽക്കും എന്നുള്ളത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. തേക്കിൻ തടിയിലുള്ളതിനെക്കാളും ലിഗ്നന്റ് എന്ന വസ്തുവിന്റെ അളവ് കയറിന് കൂടുതലാണ് എന്നുള്ളതാണ് ഇതിനുള്ള പ്രധാനകാരണം. ഈ ഗുണമാണ് കയറിനെയും ചകിരിനാരിനെയും ഭാവിയുടെ നാരാക്കി മാറ്റുന്നത്.

ഗുണമേൻമയുള്ളതും ദീർഘകാലം ഈടു നിൽക്കുന്നതുമായ ചകിരിനാരുകൾ ഉപയോഗിച്ച് നിർമിക്കുന്ന കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുള്ള മണ്ണ്, ജല

സംരക്ഷണ പദ്ധതികൾ ഈ കാലഘട്ടത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ്. പ്രത്യേകിച്ച് ദൈവത്തിന്റെ സ്വന്തം നാടായ കേരളം പ്രകൃതി ദുരന്തങ്ങളുടെ നാടായി മാറിയ ഈ കാല ഘട്ടത്തിൽ. 1996-ലെ ഇ.കെ.നായനാർ മന്ത്രിസഭയിൽ കയർ വകുപ്പിന്റെ കൂടി ചുമതലയുള്ള വ്യവസായ മന്ത്രിയായിരുന്ന സുശീലാഗോപാലൻ കയർ ഭൂവസ്ത്രം എന്ന ആശയത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നു. ഡോ. കെ. ബാലൻ തലവനായി കയർ കോർപ്പറേഷനിൽ കയർ ഭൂവസ്ത്രത്തിന് പ്രത്യേക സെൽ രൂപീകരിച്ചത് സുശീലാ ഗോപാലന്റെ കാലത്തായിരുന്നു. രണ്ടു പതിറ്റാണ്ട് മുൻപ് ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റായിരിക്കെ കയർഫെഡ് ഹെഡ്ഡാഫീസിന് മുൻവശത്തുള്ള കനാൽ കരയിൽ ഏകദേശം 500 മീറ്റർ നീളത്തിൽ കനാൽ ചരിവ് സംരക്ഷിക്കുന്നതിനായി കയർഫെഡ് ചെയ്ത മാതൃകാ പദ്ധതിയാണ് മണ്ണ് ജല സംരക്ഷണ രംഗത്ത് കയർഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള ആദ്യ പദ്ധതിയെന്ന് പറയാം. കഴിഞ്ഞ വി.എസ്.സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടു കൂടി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് നാന്ദി കുറിച്ചത് മുതുകുളം ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് കയർഫെഡ് നടപ്പിലാക്കിയ ഒരു മാതൃകാ പ്രൊജക്റ്റോടു കൂടിയാണ്. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിൽ ധനകാര്യ വകുപ്പ് മന്ത്രിയായ ഡോ.റ്റി.എം. തോമസ് ഐസക് കയർ വകുപ്പിന്റെ കൂടി ചുമതല ഏറ്റെടുത്തതോടുകൂടി ഈ പദ്ധതിക്ക് ഗതിവേഗം കൂടി.

കയർ ഭൂവസ്ത്ര വികസന പദ്ധതി അദ്ദേഹം വിഭാവനം ചെയ്തിട്ടുള്ള രണ്ടാം കയർ പുന: സംഘടനാ പദ്ധതിയുടെ കാതലായ ഘടകമായി ഉൾപ്പെടുത്തിയിട്ടുള്ളത് ഈ ഉത്പന്നത്തിന്റെ അനന്തസാധ്യത കണക്കിലെടുത്താണ്. ഇന്ന് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കയറിന്റെ സിംഹഭാഗവും വൈക്കം കയറാണ്. ഇത് പ്രധാനമായും ഭൂവസ്ത്ര നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. 2017-ലെ കയർ കേരളയിൽ വച്ച് വൻതോതിൽ കയർ ഭൂവസ്ത്രത്തിന് ഓർഡർ ലഭിക്കുന്നതിനുള്ള കരാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചതിന്റെ ഫലമായി കയർ ഭൂവസ്ത്രത്തിന് വലിയതോതിൽ വിപണന സാധ്യത കൈവന്നു. തുടർന്ന് 2019-ലെ കയർ കേരളയിലും ഇത്തരത്തിൽ ഗണ്യമായ നിലയിൽ കയർ ഭൂവസ്ത്രത്തിനുള്ള കരാർ ഒപ്പുവയ്ക്കപ്പെട്ടു. ഈ രണ്ടു കയർ കേരളയിൽ ധന-കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് എടുത്ത മുൻകൈയ്യിലാണ് കയറിന്റെ ഭാവി ശോഭനമാക്കിതീർത്ത കയർ ഭൂവസ്ത്ര വിപണനത്തിൽ വലിയ കുതിച്ചു ചാട്ടമുണ്ടായത്.

മുൻ കയർ വകുപ്പ് മന്ത്രി കൂടിയായ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പ്രത്ര്യേക താത്പര്യമെടുത്ത് കേരളത്തിലെ റോഡ് നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പി.ഡബ്ള്യൂ.ഡി. മാനുവലിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്തു. കൂടാതെ പി.ഡബ്ലിയു.ഡി റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും കയർ ഭൂവസ്ത്രം ഉപയോഗിക്കുവാനും അതിനാവശ്യമായ ഭൂവസ്ത്രം എൻ.സി.ആർ.എം.ഐ സർട്ടിഫിക്കേഷനോടുകൂടി കയർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്രസർക്കാരും കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടികൾ കയർ മേഖലയ്ക്ക് കൂടുതൽ ഊർജം പകരുമെന്നും തൊഴിൽ ദിനങ്ങൾ വർദ്ധിക്കുവാൻ സഹായകരമാവുമെന്നും പ്രതീക്ഷിക്കുന്നു. കയർ വികസന വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും ഒത്തു ചേർന്ന് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രകൃതി സൗഹൃദ മണ്ണ് ജല സംരക്ഷണ പദ്ധതികൾ ഊർജ്ജിതമായി നടപ്പിലാക്കണം. അതുവഴി നമ്മുടെ സംസ്ഥാനത്തെ മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണം ഉറപ്പു വരുത്തുന്നതിനൊപ്പം കയർ മേഖലയുടെ പുരോഗതിക്കും വേണ്ടി എല്ലാവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

## പരാശ്രിതത്വം പഴങ്കഥ:

# കയർ വ്യവസായം ഇനി സാധ്യതകളുടെ മേഖല

**സർക്കാർ ഇടപെടലിലൂടെ സഹകരണമേഖലയ്ക്ക് പുറമേ സ്വകാര്യസംരംഭകരും വലിയതോതിൽ താത്പര്യം കാണിക്കുന്ന മേഖലയായി ചകിരി ഉത്പാദനം മാറുന്നു**

കേരളത്തിലെ എറ്റവും വലിയ പരമ്പരാഗത വ്യവസായമാണ് കയർ വ്യവസായം. അസ്തമയ വ്യവസായം എന്ന അവസ്ഥയിൽ നിന്നും സർക്കാരിന്റെ ഇച്ഛാശക്തിയിൽ കയർവ്യവസായം ഇന്ന് അതിന്റെ ഗതകാല പ്രൗഢിയിലേക്ക് ഉദിച്ചുയരുകയാണ്. സംസ്ഥാന സർക്കാരിന്റെ രണ്ടാം കയർ പുനസംഘടനാ പദ്ധതിയാണ് വ്യവസായത്തെ തകർച്ചയിൽ നിന്നും വീണ്ടെടുക്കുവാൻ പര്യാപ്തമാക്കിയത്. പരമ്പരാഗത വ്യവസായത്തെ അതിന്റെ തനിമയിൽ നിലനിർത്തിക്കൊണ്ടുതന്നെ യന്ത്രവത്കരണത്തിലൂടെ ആധുനീകരിക്കുകയാണ്. 200 യന്ത്രവത്കൃത കയർപിരി ഫാക്ടറികളും 200 യന്ത്രവത്കൃത ചകിരിമില്ലുകളുമാണ് ഈ സർക്കാരിന്റെ അഞ്ചു വർഷക്കാലയളവിനുള്ളിൽ പൂർത്തിയാകുവാൻ പോകുന്നത്. ഇതിൽ 100 യന്ത്രവത്കൃത കയർപിരി യൂണിറ്റുകളും 160 ഓളം യന്ത്രവത്കൃത ചകിരിമില്ലുകളും പ്രവർത്തനക്ഷമമായി. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 200 വീതം യന്ത്രവത്കൃത കയർപിരി യൂണിറ്റുകളും ചകിരിമില്ലുകളും പൂർത്തീകരിക്കപ്പെടും. സർക്കാരിന്റെ നൂറിന-നൂറുദിന കർമ്മപരിപാടിയിൽപ്പെടുത്തി 125 യന്ത്രവത്കൃത കയർ യൂണിറ്റുകളാണ് നിശ്ചയിച്ചതിലും നേരത്തെ പൂർത്തിയായത്. ഈ യൂണിറ്റുകളുടെ പൂർത്തീകരണ പ്രഖ്യാപനം തിരുവനന്തപുരം വാഴമുട്ടം കയർ സഹകരണ സംഘത്തിൽ നടന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിച്ചു.



*നൂറിന-നുറുദിന പദ്ധതിയിൽപ്പെടുത്തി പൂർത്തിയായ 125 യന്ത്രവൽകൃത കയർ യൂണിറ്റുകളുടെ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിക്കുന്നു. വാഴമുട്ടം കയർ വ്യവസായ സഹകരണ സംഘത്തിൽ നടന്ന ചടങ്ങിൽ ധന-കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് അദ്ധ്യക്ഷത വഹിച്ചു. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി.കെ.രാമചന്ദ്രൻ, മേയർ കെ.ശ്രീകുമാർ, കയർ വകുപ്പ് സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ്, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ.കെ.പ്രസാദ് എന്നിവർ സമീപം.*



*യന്ത്രവത്കൃത കയർ യൂണിറ്റുകളുടെ പൂർത്തീകരണ ഉദ്ഘാടന സമ്മേളനത്തിൽ ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം.തോമസ് ഐസക് തിരികൊളുത്തുന്നു. മേയർ കെ.ശ്രീകുമാർ, കയർ വകുപ്പ് സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ് എന്നിവർ സമീപം*

100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 100 കയർ സഹകരണ സംഘങ്ങളിൽ ആധുനിക കയർപിരി യന്ത്രങ്ങൾ സ്ഥാപിക്കുമെന്ന സർക്കാർ പ്രഖ്യാപനം വിചാരിച്ചതിലും വേഗത്തിൽ യാഥാർത്ഥ്യ മായിരിക്കുന്നു. ഏതാണ്ട് 75 ദിവസംകൊണ്ട് 100 സ ഹകരണ സംഘങ്ങൾ യന്ത്രവത്കൃത തൊഴിൽശാലക ളായി മാറി. ഈ യന്ത്രവത്കൃത ഫാക്ടറികളുടെ കൂടി ഉത്പാദനത്തിന്റെ ഫലമായി അടുത്ത സാമ്പത്തിക വർഷത്തോടെ നമ്മുടെ സംസ്ഥാനത്തെ കയറുത്പാ ദനം എട്ട് ലക്ഷം ക്വിന്റലായി വർദ്ധിക്കുമെന്നാണ് പ്രതീ ക്ഷിക്കുന്നത്. നഷ്ടപ്പെട്ട ആ പ്രൗഢി തിരിച്ചു പിടിച്ച് കയർ വ്യവസായ മേഖല സംരക്ഷിക്കുക എന്നതാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കയർമേഖല ഇന്ന് പുരോഗതിയുടെ പാതയിലാണ്. എത്ര കയർ ഉത്പാദിപ്പിച്ചാലും അത് സർക്കാർ സംഭരിക്കും എന്ന തീരുമാനം ഈ ലക്ഷ്യം വെച്ചായിരുന്നു മുന്നോട്ട് പോ യത്. ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേ വലം 70,000 ക്വിന്റൽ മാത്രമായിരുന്ന കയർ സംഭരണം കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടു ലക്ഷം ക്വിന്റലായി ഉയർന്നു. ഈ സാമ്പത്തിക വർഷംഅത് നാല് ലക്ഷം ക്വിന്റലാകും. 2021-22ൽ കേരളത്തിന്റെ കയർ ഉത്പാ ദനം എട്ട് ലക്ഷം ക്വിന്റലായിരിക്കും. കേരളത്തിലെ കയർ വ്യവസായത്തിന്റെ ഏറ്റവും വലിയ പരാധീനത ചകിരിയ്ക്കു വേണ്ടിയുള്ള സമ്പൂർണ്ണ പരാശ്രിതത്വമാ യിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക യർഫെഡ് സംഭരിച്ചിരുന്ന ചകിരി പൂർണ്ണമായും തമിഴ് നാട്ടിൽ നിന്നുള്ളതായിരുന്നു. എന്നാൽ, ഇപ്പോൾ 42 ശതമാനം ചകിരിയും സംഭരിക്കുന്നത് നമ്മുടെ നാട്ടിൽ പുതിയതായി ആരംഭിച്ച ചകിരിമില്ലുകളിൽ നിന്നാണ്. 157 പുതിയ ചകിരിമില്ലുകളാണ് സർക്കാർ സ്ഥാപിച്ചത്. സഹകരണമേഖലയ്ക്ക് പുറമേ വലിയതോതിൽ സ്വകാര്യസംരംഭകരും താത്പര്യം കാണിക്കുന്ന മേഖ ലയായി ചകിരി ഉത്പാദനം ഇന്ന് മാറിയിട്ടുണ്ട്. പല കാരണങ്ങളാൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസി സഹോദരങ്ങൾക്കും വൻ സാധ്യത തുറന്നിടുന്ന മേഖ ലയായി കയർ വ്യവസായം മാറിയിരിക്കുന്നു. ചടങ്ങിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി.കെ. രാമ ചന്ദ്രൻ, മേയർ കെ. ശ്രീകുമാർ, കയർ വകുപ്പ് സെക്ര ട്ടറി എൻ പത്മകുമാർ ഐ.എ.എസ്, കയർഫെഡ് ചെ യർമാൻ അഡ്വ. എൻ സായികുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ.കെ.പ്ര സാദ്, കയർ വികസന ഡയറക്ടർ കെ.എസ്.പ്രദീപ് കു മാർ, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ.കെ.ആർ. അനിൽ, പി.വി.ശശീന്ദ്രൻ, സി.അഭിഷേക്, തോമസ് ജോൺ, ബി. ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.






*മന്ത്രി ഡോ. തോമസ് ഐസക്കും പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രനും വാഴമുട്ടം സി.വി.സി.എസ്. 3061 ലെ ഫാക്ടറി സന്ദർശിച്ചപ്പോൾ.*




*കലയ്ക്കോട് സി.വി.സി.എസ് ക്യു.203ൽ സ്ഥാപിച്ച യന്ത്രവത്കൃത ചകിരി യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കെ.എസ്.സി.എം.എം.സി ഡയറക്ടർബോർഡ് മെമ്പർ ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.*

## യന്ത്രവത്കൃത ചകിരി യൂണിറ്റ് ഉദ്ഘാടനം ചെയ്തു

കയർ വികസന വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ട സംസ്ഥാനത്തെ പ്രവർത്തനസജ്ജമായ 25 യന്ത്രവത്കൃത ചകിരി യൂണിറ്റുകളുടെ പ്രവർത്തന ഉദ്ഘാടനങ്ങളുടെ ഭാഗമായി, പരവൂർ കലയ്ക്കോട് സി.വി.സി.എസ് ക്യു. 203 ൽ സ്ഥാപിച്ച യന്ത്രവത്കൃത ചകിരി യൂണിറ്റിന്റെ പ്രവർത്തനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

ധനകാര്യ - കയർ മന്ത്രി തോമസ് ഐസക്ക് ഓൺലൈനായി പ്രഭാഷണം നടത്തി. സംഘം പ്രസിഡന്റ് വി.അശോകൻ പിള്ള സ്വാഗതം ആശംസിച്ചു. കെ.എസ്.സി.എം.എം.സി ഡയറക്ടർബോർഡ് മെമ്പർ ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. പരവൂർ നഗരസഭ ചെയർമാൻ. കെ.പി. കുറുപ്പ് ഭദ്രദീപം കൊളുത്തി ഡി.എഫ് മെഷീന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു.

കൊല്ലം പ്രൊജക്ട് ഓഫീസർ ബെനഡിക്ട് നിക്സൺ റിപ്പോർട്ട് അവതരിപ്പിച്ചു.പരവൂരിലെ മറ്റു കയർ സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരും സെക്രട്ടറിമാരും കയർ തൊഴിലാളികളും സന്നിഹിതരായ യോഗത്തിൽ പൂതക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കെ.ശ്രീകുമാർ, കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡൻറ് എസ്.സുഭാഷ്, വാർഡ് മെംബർ ജി.പരമേശ്വരൻ, സംഘം മുൻ പ്രസിഡന്റ് ജനാർദ്ദനൻ പിള്ള, കയർ ഇൻസ്പെക്ടർ സന്തോഷ് ആർ. എന്നിവർ ആശംസകൾ അർപ്പിച്ചു. സംഘം സെക്രട്ടറി സജിത എസ്.കൃതജ്ഞത രേഖപ്പെടുത്തി.




*ക്ലാഡിസ് പ്രൈവറ്റ് ലിമറ്റഡ് കമ്പനിയുടെ ഡീ-ഫൈബറിംഗ് മില്ലിന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിക്കുന്നു.*

## സംയോജിത വ്യവസായ യുണിറ്റുകൾക്ക് തുടക്കമായി

കയർമേഖലയിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് വ്യവസായ യുണിറ്റുകൾക്ക് കോടഞ്ചേരി പഞ്ചായത്തിലെ ക്ലാഡിസ് പ്രൈവറ്റ് ലിമി റ്റഡ് കമ്പനിയുടെ ഡീ-ഫൈബറിംഗ് മില്ലിന്റെ ഉദ്ഘാടത്തോടെ തുടക്കമായി. ഡീ-ഫൈബറിംഗ് മില്ലിന്റെ പ്രവർത്തന ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. സ്വകാര്യ സംരംഭകരുടെ കടന്നുവരവ് കയർ മേഖലയെ ആധുനികവത്കരിക്കാനും പുരോഗതിയുടെ പാതയിലേക്ക് നയിക്കാനും സഹായിക്കും എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ചട



*ചിറയിൻകീഴ് പ്രോജക്ടിലെ മുട്ടപ്പലം കയർ സഹകരണ സംഘത്തിന്റെ എ എസ്. എം യൂണിറ്റിന്റെ ഉത്ഘാടനം ധന കയർ വകുപ്പു മന്ത്രി ഡോ.ടി.എം.തോമസ് ഐസക് നിർവ്വഹിക്കുന്നു. കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ.സായികുമാർ, ആർ. അജിത്കുമാർ എന്നിവർ സമീപം.*



ങ്ങിൽ ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് അദ്ധ്യക്ഷത വഹിച്ചു. കയർമേഖലയിൽ വരാൻ പോകുന്നത് സൂര്യോദയത്തിന്റെ നാളുകളാണ് എന്ന് അദേഹം പറഞ്ഞു. തിരുവമ്പാടി എം.എൽ.എ ജോർജ് എം. തോമസ് മുഖ്യ അതിഥി ആയിരുന്നു. ഡീ–ഫൈബറിംഗ് മില്ലിന്റെ സ്വിച്ച് ഓൺ കർമ്മം കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ലിസി ചാക്കോ നിർവഹിച്ചു.

ക്ലാഡിസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മനേജിംഗ് ഡയറക്ടർ യുനസ് അലി പി.പി, ഡയറക്ടർമാരായ നവ്ഷിൽ എ.കെ, അമീർ മുഹമ്മദ് കെ.ടി, മാസിൻ അർബാസ്, മുഹമ്മദ് ജിഫ്രി, കോഴിക്കോട് ജില്ല വ്യവസായ കേന്ദ്രം മനേജർ ഗിരീഷ്, കോഴിക്കോട് കയർ പ്രൊജക്ട് ഓഫീസർ കെ.ടി ആനന്ദ് കുമാർ, കോടഞ്ചേരി പഞ്ചായത്ത് സെക്രട്ടറി ഗിരീഷ്, കോടഞ്ചേരി പഞ്ചായത്ത് വാർഡ് മെബർ സജിനി രാമൻ കുട്ടി എന്നിവർ പ്രസംഗിച്ചു



*മന്ത്രി ഡോ. തോമസ് ഐസക്, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി.കെ. രാമചന്ദ്രൻ, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ. കെ.ആർ. അനിൽ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ എന്നിവർ വാഴമുട്ടം 3061 സംഘത്തിലെ വടംനിർമ്മാണം നിരീക്ഷിക്കുന്നു.*



ഡോ. ടി ഷാജി
ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ
MNREGS, തിരുവനന്തപുരം

# കയർ ഭൂവസ്ത്രം – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ

ഒരിഞ്ച് മേൽ മണ്ണ് ഉണ്ടാകാൻ ശരാശരി ഇരുനൂറുമുതൽ ആയിരം വർഷമെടുക്കും. എന്നാൽ ഇത് മണ്ണൊലിപ്പിൽ നഷ്ടപ്പെടാൻ ഏതാനും വർഷങ്ങൾ മതിയാകും. കണക്കുകൾ സൂചിപ്പിക്കുന്നത്, പ്രതിവർഷം ലോകമാകെ 26 ബില്യൺ (2600 കോടി) ടൺ മേൽ മണ്ണ് ഒലിച്ചുപോകുന്നു എന്നാണ്. ഇവിടെയാണ് 'ഭൂവസ്ത്രത്തിന്റെ' പ്രാധാന്യം. 'ജിയോ ടെക്സ്റ്റൈൽ' അഥവാ 'ഭൂവസ്ത്രങ്ങൾ' ലോകത്തിന്റെ പല ഭാഗങ്ങളിലും മണ്ണ് സംരക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു. ഫിൽട്ടർഫേബ്രിക്, സിൽറ്റ്ഫെൻസ് തുടങ്ങിയ പേരുകളിൽ 1950 കളിലാണ് മണ്ണൊലിപ്പ് തടയുന്നതിനായി കടൽ/നദീ തീരങ്ങളിൽ ഇവ ഉപയോഗിച്ച് തുടങ്ങിയത്.

അമേരിക്കയിലെ ഫ്ളോറിഡയിലാണ് സിന്തെറ്റിക് ഭൂവസ്ത്രമുപയോഗിച്ച് ആദ്യ പരീക്ഷണങ്ങൾ നടത്തിയത്. തുടർന്ന് യൂറോപ്പിൽ ആകമാനം ഈ സാങ്കേതിക വിദ്യ വ്യാപിച്ചു. ലോകത്താകെ പ്രതിവർഷം 1400 മില്യൺ (140 കോടി) ചതുരശ്ര മീറ്റർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. മൊത്തം ഉൽപാദനത്തിന്റെ 80% യൂറോപ്പിലും അമേരിക്കയിലുമാണ് ഉപയോഗിക്കുന്നത്.



*ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വണ്ടിച്ചിറ തോട് പുനരുദ്ധാരണത്തിന്റെ ഭാഗമായി കയർ ഭൂവസ്ത്രം പാകിയിരിക്കുന്നു*



*ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വണ്ടിച്ചിറ തോട് പുനരുദ്ധാരണം തറ ഒരുക്കുന്നു*

സിവിൽ എഞ്ചിനീയറിംഗ്, റോഡ്, ഡാം എന്നിവയുടെ നിർമ്മാണം, ഡ്രെയിനേജ് സംവിധാനം എന്നീ മേഖലകളിൽ എല്ലാം ഭൂവസ്ത്രങ്ങൾ മണ്ണ് സംരക്ഷണത്തിന് ഉതകുന്നു. ചണം, വുഡ്ഫൈബർ എന്നീ പ്രകൃതിജന്യ വസ്തുക്കൾ കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും പോളി പ്രൊപ്പിലിൻ, പോളിയെസ്റ്റർ, നൈലോൺ, പി.വി.സി, ഗ്ലാസ് മുതലായ കൃത്രിമ പദാർത്ഥങ്ങളാണ് ലോകത്തെമ്പാടും ഇവയുടെ നിർമ്മിതിയ്ക്ക് മുഖ്യമായി ഉപയോഗിച്ചുവരുന്നത്. അതുകൊണ്ടുതന്നെ 'ജിയോ സിന്തെറ്റിക്സ്' എന്നാണ് ഇവ അറിയപ്പെടുന്നത്. എന്നാൽ ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ളത് കൃത്രിമ പദാർത്ഥങ്ങളുടെ വ്യാപകമായ ഉപയോഗം പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിതെളിയുമെന്നതുകൊണ്ട് ഭൂവസ്ത്ര നിർമ്മാണത്തിൽ പ്രകൃതിജന്യ നാരുകളുടെ ഉപയോഗത്തിന് ഏറെ പ്രസക്തിയുണ്ട്.

പാരിസ്ഥിതിക ആഘാതങ്ങൾ ഒഴിവാക്കി കൊണ്ടുള്ള പ്രകൃതിജന്യ ഭൂവസ്ത്ര നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃത പദാർത്ഥമാണ് കയർ. 2019 ൽ ലോകത്തെ മൊത്തം കയർ ഉത്പാദനം 3,50,000 ടൺ ആയിരുന്നു. ഇതിൽ 85% ഇന്ത്യ, ശ്രീലങ്ക, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നാണ്. എന്നാൽ ആഗോള ഉത്പാദനത്തിന്റെ 66% കേരളത്തിൽ നിന്നാണ്. കയർ ഭൂവസ്ത്ര നിർമ്മാണത്തിൽ കേരളത്തിന്റെ ഈ സാദ്ധ്യത തിരിച്ചറിഞ്ഞുകൊണ്ടാണ് കേരള സർക്കാർ മണ്ണ്, ജല ഭൂപ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ സമഗ്രമായി ഇടപെടൽ നടത്തുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ തീരുമാനമെടുത്തത്.

തൊഴിലുറപ്പ് പദ്ധതിയിൽ ഭൂവസ്ത്രത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതുവഴി പരിസ്ഥിതിയ്ക്കും കയർ മേഖലയ്ക്കും പുനരുജ്ജീവനം നൽകാനാകുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. നമ്മുടെ സമുദ്ര തീരത്തിന്റെ 53 % മണ്ണൊലിപ്പിന് സാദ്ധ്യതയുള്ളതാണ് 14.5 % ഭൂമിയും 4626 കി.മി റോഡും വെള്ളപ്പൊക്ക സാദ്ധ്യതയുള്ളതുമാണ്. ഈ പ്രദേശങ്ങളെയൊക്കെ കയർ ഭൂവസ്ത്രം വിതാനിക്കുകവഴി ശക്തിപ്പെടുത്താനും മണ്ണൊലിപ്പും മറ്റ് നാശനഷ്ടങ്ങളും കുറയ്ക്കാനും സാധിക്കും.

ഈ സാദ്ധ്യതകൾ മുൻനിർത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കാവുന്ന കയർ ഭൂവസ്ത്രത്തിന്റെ അളവ് സംബന്ധിച്ച് 2019 ഡിസംബർ മാസത്തിൽ ധനകാര്യ മന്ത്രി ഡോ തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ നടന്ന 'കയർ കേരള' യിൽ കയർഫെഡും സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളുമായി ധാരണാപത്രങ്ങൾ ഒപ്പ് വയ്ക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ 996 പ്രവൃത്തികളിൽ 535453 ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രത്തിന് ഡിമാന്റ് സമർപ്പിച്ചു. മുൻവർഷങ്ങളിലേതടക്കം ജില്ലയിൽ ഇപ്രകാരം ഉപയോഗിച്ച ഭൂവസ്ത്രത്തിന്റെ കണക്ക് താഴെപ്പറയുന്നു.



| | 2017-18 | 2018-19 | 2019-20 |
|---|---|---|---|
| ഉപയോഗിച്ച കയർ ഭൂവസ്ത്രത്തിന്റെ അളവ് (ച.മി) | 256604 | 191221 | 66501 |
| ഭൂവസ്ത്രത്തിന്റെ മൂല്യം (ലക്ഷം രൂപ) | 204.7 | 397.2 | 42.01 |
| പ്രവൃത്തികളുടെ എണ്ണം | 400 | 602 | 177 |

ജില്ലയിൽ നാളിതുവരെ കയർ ഭൂവസ്ത്രം ഉപയോഗിച്ച ചെയ്ത പ്രവൃത്തികൾ മുഖ്യമായും കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം, റോഡ് നിർമ്മാണം എന്നിവയാണ്. 740 ജി.എസ്.എം (ഗ്രാം പെർ സ്ക്യ. മീറ്റർ) ഘനവും അര ഇഞ്ച് മെഷ് സൈസും ഉള്ള ഭൂവസ്ത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. സംരക്ഷിക്കേണ്ട പ്രദേശം ചെത്തി വെടിപ്പാക്കി കളകളും കല്ലുകളും മാറ്റി നിരപ്പാക്കിയതിന് ശേഷം ഭൂവസ്ത്രം വിരിക്കുകയും മുളയാണികൾ ഉപയോഗിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് രാമച്ചം. ബഫലോഗ്രാസ്, കുതിരപ്പുല്ല് തുടങ്ങിയവ നട്ടുപിടിപ്പിക്കുന്നു. കാലക്രമേണ പുല്ല് വളർന്ന് മണ്ണൊലിപ്പ് തടയുകയും പ്രകൃതി ജന്യമായ ഭൂവസ്ത്രം മണ്ണിൽ ലയിച്ചുചേരുകയും ചെയ്യുന്നു.

തികച്ചും പരിസ്ഥിതി സൗഹൃദമായ രീതിയിൽ മണ്ണൊലിപ്പുതടയുകയും പാർശ്വഭിത്തികൾ ബലപ്പെടുത്തുകയും ചെയ്യുന്നു. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി അൻപതിനായിരത്തിൽപരം ചതുരശ്ര മീറ്റർ സ്ഥലത്ത് മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടത്തിക്കഴിഞ്ഞു.

ജില്ലയിൽ നടത്തിയ മാതൃകാപരമായ രണ്ട് പ്രവൃത്തികളുടെ വിശദാംശങ്ങൾ പരിശോധിക്കാം. വെങ്ങാനൂർ പഞ്ചായത്തിൽ 13-ാം വാർഡിൽ ചാവടിനടയിലെ 'പുതുക്കുളം' എന്ന പുരാതനമായ കുളം വെങ്ങാനൂർ പഞ്ചായത്തിലെ നെൽകൃഷിക്ക് വേണ്ട ജലസേചനത്തിന് പ്രയോജനപ്പെട്ടിരുന്നു. സിസിലിപുരം, വെങ്ങാന്നൂർ, ചാവടിനട, പെരിങ്ങമ്മല എന്നീ നാല് വാർഡുകൾ വഴി ഒഴുകിയെത്തുന്ന നെയ്യാർ ഇറിഗേഷൻ കനാൽ വെള്ളം വന്നുചേരുന്നത് രണ്ടേക്കറോളം വിസ്തൃതിയുള്ള ഈ കുളത്തിലാണ്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി വശങ്ങൾ ഇടിഞ്ഞ് ചെളിയും പ്ലാസ്റ്റിക് മാലിന്യങ്ങളും നിറഞ്ഞ് ഏതാണ്ട് ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു, ഈ കുളം. 2019-20 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതുക്കുളത്തിന്റെ പുനരുദ്ധാരണം ഏറ്റെടുത്തു. 130 മീറ്റർ നീളവും 100 മീറ്റർ വീതിയുമുള്ള കുളത്തിന്റെ തകർന്നുകിടന്ന പാർശ്വഭിത്തികൾ ബലപ്പെടുത്തി. മാലിന്യങ്ങൾ നീക്കം ചെയ്തു. 295000 രൂപ ചെലവിൽ കയർ ഭൂവസ്ത്രം വിരിച്ച് ബഫലോഗ്രാസ്, കുതിരപ്പുല്ല് എന്നിവ നട്ടുപിടിപ്പിച്ചു. 730 തൊഴിൽ ദിനങ്ങളാണ് ഈ പ്രവൃത്തി സൃഷ്ടിച്ചത്. കുളം നവീകരിച്ചശേഷം മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ രണ്ടായിരം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വലവിരിച്ച് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. നാശോൻമുഖമായിക്കിടന്ന

ഈ കുളം ഇന്ന് വെങ്ങാന്നൂരിലെ ജനങ്ങൾക്ക് ഒരു അനുഗ്രഹമാണ്. പഞ്ചായത്തിൽ വേനൽക്കാലകൃഷി ഈ കുളത്തെ ആശ്രയിച്ചാണ് ഇന്ന് നടക്കുന്നത്. കയർ ഭൂവസ്ത്ര വിതാനം കുളത്തിന്റെ പാർശ്വഭിത്തിയെ തികച്ചും ജൈവിക രീതിയിൽ ബലപ്പെടുത്തിയിരിക്കുന്നു.

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വണ്ടിച്ചിറ തോട് പുനരുദ്ധാരണമാണ് ഭൂവസ്ത്രമുപയോഗിച്ച് ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട മറ്റൊരു പ്രവൃത്തി. നെയ്യാർ ഡാമിൽ നിന്നും തുടങ്ങുന്ന ഈ തോട് നെയ്യാറിൽ പതിക്കുന്നതിന് മുമ്പ് ചെങ്കൽ പഞ്ചായത്തിലൂടെ ഒഴുകുന്ന നാല് കി.മി ഭാഗമാണ് പാർശ്വഭിത്തി ബലപ്പെടുത്തി സംരക്ഷിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം ചെയ്ത പ്രവർത്തിയിൽ പതിനായിരം ചതുരശ്ര മീറ്റർ ഭൂവസ്ത്രം ഉപയോഗിച്ചു.

വശങ്ങൾ തകർന്ന് കാട്പിടിച്ചും അനധികൃത കയ്യേറ്റം നടത്തിയും കിടന്ന തോടിന്റെ പാർശ്വഭിത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കാടുവെട്ടി, മണ്ണിട്ട് പുനർ നിർമ്മിക്കുകയും ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തി ബഫലോ ഗ്രാസ്, കുതിരപ്പുല്ല് എന്നിവ നട്ടുപിടിപ്പിക്കുകയും ചെയ്തു. ഭൂവസ്ത്രം വിരിച്ച നാലു കി.മി പാർശ്വഭിത്തി മൂന്ന് വർഷത്തിനുശേഷവും മണ്ണിടിച്ചിൽ ഇല്ലാതെ

> **ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വണ്ടിച്ചിറ തോട് പുനരുദ്ധാരണമാണ് ഭൂവസ്ത്രമുപയോഗിച്ച് ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട മറ്റൊരു പ്രവൃത്തി. നെയ്യാർ ഡാമിൽ നിന്നും തുടങ്ങുന്ന ഈ തോട് നെയ്യാറിൽ പതിക്കുന്നതിന് മുമ്പ് ചെങ്കൽ പഞ്ചായത്തിലൂടെ ഒഴുകുന്ന നാല് കി.മി ഭാഗമാണ് പാർശ്വഭിത്തി ബലപ്പെടുത്തി സംരക്ഷിച്ചിട്ടുള്ളത്.**

സംരക്ഷിതമായി തുടരുന്നു. പുല്ല് തദ്ദേശവാസികളായ ക്ഷീരകർഷകർക്ക് ഒരു അനുഗ്രഹമാണ്. അങ്ങനെ മണ്ണൊലിപ്പ് തടയുക മാത്രമല്ല പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനും ഈ പ്രവൃത്തി കാരണമായിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രമുപയോഗിച്ച് ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളും തികച്ചും പരിസ്ഥിതി സൗഹൃദ മാർഗത്തിലൂടെ മണ്ണ്-ജല സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പരമ്പരാഗതമായ പൊതു ആസ്തികൾ ഭൂമിയിലെ സന്തുലിതമായ ഉപയോഗത്തിനും വേണ്ടി സംരക്ഷിക്കുന്നതിനും സഹായകമായിട്ടുണ്ട്.

ഈ മാതൃക നമ്മുടെ രാജ്യത്തിൽ എല്ലായിടത്തും അനുകരിക്കാവുന്നതാണ്.



*വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് 'പുതുക്കുളം' നവീകരണം, ഭൂവസ്ത്രം വിതാനിച്ചശേഷം പുല്ല് വച്ച് പിടിപ്പിക്കുന്നു*



# ഭൂവസ്ത്രം പുതപ്പിക്കാം ഭൂമിയെ വീണ്ടെടുക്കാം

ബി.സുനിൽ,
ജനറൽ മാനേജർ, കയർഫെഡ്

മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ പ്രാധാന്യം ഇന്ന് ഏവർക്കും അറിവുള്ളതാണ്. നല്ല വെള്ളവും മണ്ണും വിളകളും പ്രകൃതി കനിഞ്ഞു നൽകിയ നാടാണ് നമ്മുടെ കേരളം. എന്നാൽ ഇന്ന് നമ്മുടെ നാട് മുൻപെങ്ങും കേട്ടിട്ടില്ലാത്തവിധം പ്രകൃതി ദുരന്തങ്ങളുടെയും കഠിനമായ മറ്റു ദുരന്തങ്ങളുടെയും നാടായി മാറിക്കൊണ്ടിരിക്കുന്നു. കുളങ്ങളും തോടുകളും ഉൾപ്പെടെ ജല സ്രോതസുകളുടെ സംരക്ഷണത്തിൽ നാം കാണിക്കുന്ന അലംഭാവമാണ് ഇതിനുള്ള കാരണങ്ങളിൽ പ്രധാനമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നത് ഇവയെ Man made disaster എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നാണ്.

ആയതിനാൽ ഒരു പരിധി വരെ ജലസ്രോതസുകളെ സംരക്ഷിച്ചും ചരിഞ്ഞ പ്രതലത്തെ ബലപ്പെടുത്തിയും നമുക്ക് ഇത് ഒഴിവാക്കാവുന്നതാണ്. ഇന്ന് നാം കേരളത്തിൽ കാണുന്ന ഒരു വലിയ പ്രതിഭാസം രണ്ട് ദിവസം മഴപെയ്താൽ വെള്ളപ്പൊക്കവും അതിനോടനുബന്ധിച്ചുള്ള ദുരിതങ്ങളും, രണ്ട് ദിവസം വെയിൽ വന്നാൽ വരൾച്ചയും അതുമായി ബന്ധപ്പെട്ട ദുരിതങ്ങളും ഉണ്ടാകുന്നുവെന്നതാണ്. ഇതിന് മാറ്റം ആവശ്യമാണ്. അതിന് മനുഷ്യസാധ്യമായ എന്തും ചെയ്യുന്നത് നമ്മുടെ ധർമ്മമാണ് അത് ഉണ്ടാവണം.



*കുളത്തിന്റെ ചരിവ് ഭിത്തി കയർ ഭൂവസ്ത്രം വിരിക്കുന്നതിനായി ബലപ്പെടുത്തുന്നു*

മണ്ണ്, ഭൂമി എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള എഞ്ചിനീയറിംഗ് ശാഖയാണ് ജിയോ എഞ്ചിനീയറിംഗ്. ഈ ശാഖയിലെ പ്രധാന ഘടക മാണ്. കയർ ഭൂവസ്ത്രം അഥവാ കയർ ജിയോ ടെക്സ്റ്റ യിൽസ്. ഇതിന്റെ പേരിൽ നിന്നുതന്നെ ഇതിന്റെ ലക്ഷ്യം നമുക്ക് മനസിലാക്കുവാൻ സാധിക്കും. Geo = ഭൂമി Textiles = വസ്ത്രം. ഇന്ന് വിവിധതരം കയർ ഭൂവസ്ത്രം വിപണിയിൽ ലഭ്യമാണ്. Synthetic, Polyester, Polymer തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ചതും കാലദൈർഘ്യം ഉള്ളതും വില കുറവു ള്ളതും എന്നാൽ ഒട്ടും പ്രകൃതി സൗഹൃദമല്ലാത്ത തുമായ ഉത്പന്നങ്ങളാണ് ഇവ. ഇത് മണ്ണിൽ നിക്ഷേ പിച്ച ശേഷം സ്വയം വിഘടനം എളുപ്പം സംഭവിക്കു ന്നില്ല എന്നതിനാൽ ആയത് കൊടിയ പാരിസ്ഥിതിക പ്രശ്നമായി മാറുന്നു എന്നതാണ് വസ്തുത. ഇതിന് ബദലാണ് പ്രകൃതിദത്ത കയർ ഭൂവസ്ത്രം: സ്വാഭാ വിക നാരുകളായ കയർ, ചണം, പരുത്തി എന്നിവ കൊ ണ്ട് നിർമ്മിച്ചിട്ടുള്ള പ്രകൃതി സൗഹൃദവും പ്രകൃതി ദത്തവുമായ ഭൂവസ്ത്രം, ഇതിന്റെ പരിമിതി കുറഞ്ഞ കാലദൈർഘ്യമാണ്. ഇതിൽ ചണം, പരുത്തി എന്നിവ മൂന്ന് മാസത്തിനുള്ളിൽ വിഘടിച്ച് മണ്ണിൽ അലിഞ്ഞു ചേരും.

എന്നാൽ കയർ, ചകിരിയിൽ അടങ്ങിയിട്ടുള്ള ലിഗി നന്റ് എന്ന പദാർത്ഥത്തിന്റെ കൂടിയ അളവ് കാരണം വർഷങ്ങളോളം മണ്ണിനെ സംരക്ഷിക്കും. വെള്ളത്തിൽ നിക്ഷേപിച്ചാലും വിഘടിച്ച് പോകാതെ കാലങ്ങ ളോളം തുടരുകയും ചെയ്യുന്നു. ഇതാണ് ഇന്ന് ലഭ്യ മായിട്ടുള്ള ഭൂവസ്ത്ര ഇനങ്ങളിൽ കയർ ഭൂവസ്ത്ര ത്തിനെ ഏറ്റവും മികച്ചതാക്കുന്നത്.



*തോടിന്റെ ചരിവ് ഭിത്തിയിൽ കയർ ഭൂവസ്ത്രം വിരിക്കുന്നു*

ഇന്ന് കയർ ഭൂവസ്ത്രം തുടങ്ങിയ പ്രകൃതി ദത്ത ഭൂവസ്ത്രങ്ങളെപ്പറ്റിയുള്ള ചർച്ചകളിൽ പ്രധാന മായും ഉന്നയിക്കപ്പെടുന്ന ഒരു വിഷയം എങ്ങിനെയാ ണ് മണ്ണിൽ ലയിച്ചു ചേരുന്ന ഒരു വസ്തു ഉപയോഗിച്ച് മണ്ണിനെയും ഭൂമിയുടെ ചരിവുകളെയും സംരക്ഷിയ് ക്കുവാൻ സാധിക്കുന്നത് എന്നതാണ്. മണ്ണൊലിപ്പിന് പ്രധാന കാരണം കനത്ത മഴയാണ്. മഴത്തുള്ളികൾ നേരിട്ട് മണ്ണിൽ പതിക്കുമ്പോൾ മൺ കണങ്ങൾ തെറിച്ച് മാറുന്നത് മഴവെള്ളത്തോടൊപ്പം ഒലിച്ചുപോകുന്നു. ഇങ്ങനെയാണ് മേൽമണ്ണിന് നഷ്ടം സംഭവിക്കുന്നത്. എന്നാൽ ചെടികളുള്ള പ്രദേശങ്ങളിൽ ഇത് സംഭവി ക്കുന്നില്ല. കാരണം മഴത്തുള്ളികൾ നേരിട്ട് മണ്ണിൽ പതിക്കുന്നതിൽ നിന്ന് ഇലകൾ മണ്ണിനെ സംരക്ഷിയ് ക്കുന്നു.

കൂടാതെ ചെടികളിലെ വേരുകൾ മണ്ണിന്റെ കണികകളെ കൂടുതൽ കൂട്ടിച്ചേർത്ത് നിർത്തുന്നതി നാൽ മഴവെള്ളത്തോടൊപ്പം അത് ഒലിച്ചുപോകു ന്നില്ല. ഇതാണ് പ്രകൃതി മണ്ണ് സംരക്ഷണത്തിന് നമുക്ക് അനുഗ്രഹിച്ചു നൽകിയിട്ടുള്ള സംവിധാനം. ഇതിന്റെ ഒരു പകർപ്പാണ് കയർ ഭൂവസ്ത്രം പോലുള്ള പരിസ്ഥിതി സൗഹൃദ രീതി മുന്നോട്ട് വെയ്ക്കുന്നത്. ഇവിടെ കയർ ഭൂവസ്ത്രത്തിലെ കണ്ണികൾ ഭൂമിയിൽ മഴത്തുള്ളികൾ ഒരു പരിധിവരെ നേരിട്ടു പതിക്കുന്ന തിന് വിഘാതം സൃഷ്ടിക്കുന്നതോടൊപ്പം ഇളകിയ മൺകണങ്ങളെ കണ്ണികൾക്കുള്ളിൽ തടഞ്ഞുനിർത്തു കയും ചെയ്യുന്നു.

ഇത്തരത്തിൽ ഭൂസംരക്ഷണം ഉറപ്പാക്കുന്നതി നോടൊപ്പം കയർ കണ്ണികൾക്കുള്ളിൽ വെള്ളം ശേഖ രിച്ച് നിർത്തുന്നതിനുള്ള കയർ നാരുകളുടെ കഴിവ് ഉപയോഗിച്ചിട്ട് ഇതിനുള്ളിൽ നടുന്ന ചെടികൾ പെട്ടെ ന്ന് വേരോടി വളർച്ച പ്രാപിക്കുന്നതിനും പ്രസ്തുത ചെടികളുടെ വേരുകളും ഇലകളും സ്ഥിരമായി മണ്ണ് ജല സംരക്ഷണം സ്വാഭാവികമായി നിർവ്വഹിക്കുന്ന തിനുള്ള കളം ഒരുക്കുകയും ചെയ്യുന്നു. ഇതാണ് പ്രകൃതി സൗഹൃദവും സ്വാഭാവികവുമായ മണ്ണ് ജല സംരക്ഷണ പദ്ധതി.



*മുളയാണി ഉപയോഗിച്ച് കയർ ഭൂവസ്ത്രം ഉറപ്പിക്കുന്നു*



*കയർ ഭൂവസ്ത്രം വിരിച്ച് പുല്ല് വച്ച് പിടിപ്പിക്കുന്നു*

ഇതിന്റെ വിവിധ ഘട്ടങ്ങൾ തികച്ചും സൂക്ഷ്മതയോടുകൂടി നിർവ്വഹിക്കേണ്ടതാണ്. ആദ്യമായി മണ്ണ് ഒലിച്ച് വിണ്ടുകീറിയ പ്രതലം പരിശോധിച്ച് ആയത് നിരപ്പാക്കേണ്ടതാണ്. അതിനുശേഷം ചരിവിന്റെ നീളം കയർ ഭൂവസ്ത്രം ഉറപ്പാക്കുന്നതിനായി ചരിവിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തുമായി പാത്തികൾ നിർമ്മിച്ച് ആയതിന്റെ നീളം കൂടി കണക്കാക്കി കയർ ഭൂവസ്ത്രം മുറിച്ച് തുണ്ടുകളാക്കി ചരിഞ്ഞ പ്രതലത്തിനോട് പറ്റിച്ചേർന്ന് കിടക്കുന്ന രീതിയിൽ വിരിച്ച് നേരത്തെ തയാറാക്കിവെച്ചിട്ടുള്ള മുളയാണി ഉപയോഗിച്ച് ഉറപ്പിച്ചതിനുശേഷം അതിന്മേൽ പ്രാദേശികമായി ലഭിക്കുന്ന പുല്ലുകൾ, രാമച്ചം, ലെമൺ ഗ്രാസ് എന്നിവയിലേതെങ്കിലും നട്ട് വളർത്തേണ്ടതാണ്. ഇതിൽ ഏറ്റവും ശ്രദ്ധിക്കേണ്ടകാര്യം നടുന്ന ചെടികൾ/പുല്ലുകൾ ശരിയായി കിളിർത്ത് ഭൂമിസംരക്ഷണം നടത്തുന്നതിന് പ്രാപ്തമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരത്തിൽ കാര്യക്ഷമമായി വെജിറ്റേഷൻ നട്ടു വളർത്തുന്നതോടെ കയർ ഭൂവസ്ത്രം ഭൂസംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായി തീരും. ഈ പ്രകൃതിദത്തമായ ഉത്പന്നത്തിന്റെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

# ഇക്കുറി വിർച്വൽ കയർ കേരള



ഡോ. ടി.എം. തോമസ് ഐസക്

**കോ**വിഡ് കാലത്ത് എങ്ങനെയാണ് ഒരു വാണിജ്യ മേള നടത്തുക. കോവിഡ് പടർന്നുപിടിച്ചതിനു ശേഷം നമ്മുടെ രാജ്യത്തു നടക്കുന്ന ആദ്യത്തെ വാണിജ്യമേള ആയിരിക്കും ഈ വർഷത്തെ കയർ കേരള. കോവിഡിന്റെ ഗതി കണ്ടിട്ടു തീരുമാനിക്കാം തീയതി എന്ന് പറഞ്ഞു മാറ്റി മാറ്റി വച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇനിയിപ്പോൾ ഒരു കാര്യം തീർച്ചയായി, കോവിഡ് കഴിഞ്ഞിട്ട് ഇത്തവണ കയർ കേരള നടത്താൻ കഴിയില്ല. അതുകൊണ്ട് വിർചൽ ആയി വാണിജ്യമേള എങ്ങിനെ നടത്താം എന്ന ചിന്തയിലാണ്. എന്തിനിത്ര ധൃതി? ഒരു വർഷം മേള മാറ്റി വച്ചാൽ എന്താണ് എന്നാവും ചിന്തിക്കുക. കയർമേള നടക്കാതെ വന്നാൽ ചെറിയ കുഴപ്പമല്ല ഉണ്ടാവാൻ പോകുന്നത്.

ഉദാഹരണത്തിന് കഴിഞ്ഞ വർഷത്തെ കയർ മേളയിൽ 300 കോടി രൂപയുടെ ഓർഡർ ആണ് ലഭിച്ചത്. ഇതിൽ പഞ്ചായത്തുകളിൽ നിന്നുള്ള 100 കോടി രൂപയുടെ ഭൂവസ്ത്ര ഓർഡറും തമിഴ്നാട്ട് കയറ്റുമതിക്കാരുടെ ഓർഡറും ഉൾപ്പെടും. ബാക്കി നമ്മുടെ സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി ഓർഡർ ആയിരുന്നു. ഇതിൽ കോവിഡ് ഒക്കെ ഉണ്ടായിട്ടും 60-70 കോടി രൂപയുടെ ഓർഡറുകളും കയർ കോർപറേഷനിൽ നിന്ന് ഇതിനകം കയറ്റുമതിക്കാർ വാങ്ങിക്കഴിഞ്ഞു. ഈ വർഷത്തിന് ഒരു പ്രത്യേകതയുണ്ട്. കഴിഞ്ഞവർഷം ഉത്പാദിപ്പിച്ച ഇരുപതിനായിരം ടൺ കയറിന് പകരം നാൽപ്പതിനായിരം ടൺ കയർ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. എന്നുവച്ചാൽ കഴിഞ്ഞ വർഷത്തേതിന്റെ ഇരട്ടി ഉത്പാദനം. കയർമേള കൂടി ഇല്ലാതായാൽ ഈ ലക്ഷ്യമൊക്കെ അസ്ഥാനത്താവും.

സാധാരണ മേളയിൽ എന്നപോലെ രജിസ്റ്റർ ചെയ്യുന്ന കയറ്റുമതിക്കാർക്കെല്ലാം അവരുടെ സ്റ്റാളുകൾ ഉണ്ടാവും. ഉത്പന്നങ്ങൾ വാങ്ങാനുള്ള വിദേശ രാജ്യങ്ങളിൽ നിന്നുള്ള വാണിജ്യ കമ്പനികൾക്ക് സ്റ്റാളുകൾ സന്ദർശിച്ചു വിലപേശി ഓർഡർ കൊടുക്കാനുള്ള സൗകര്യവും ഉണ്ടാവും. രണ്ടും വിർചൽ ആയി നടക്കണം. ഇനി സ്റ്റാളുകൾ എങ്ങിനെയാണ് ആകർഷകമായി ഒരുക്കുക. ഓരോ കയറ്റുമതിക്കാരനും അവരുടെ ഉത്പന്നങ്ങളുടെ ഫോട്ടോ എടുത്തോ, ത്രീഡി ഡിസൈനുകൾ ഉണ്ടാക്കിയോ ഡിസ്പ്ലേ ഷെൽഫുകളിൽ ആകർഷകമായി പ്രദർശിപ്പിക്കാം. അതിൽ ക്ലിക്ക് ചെയ്തു വിലയും ടെക്നിക്കൽ വിശദാംശങ്ങളും അറിയാൻ കഴിയണം. സ്റ്റാളിൽ ചെന്ന് ഒരു പ്രത്യേക സമയം ഷെഡ്യൂൾ ചെയ്തു സ്റ്റാൾ ഉടമകളോട് വീഡിയോയിൽ തികച്ചും സ്വകാര്യമായി സംസാരിക്കാൻ കഴിയണം. സ്റ്റാളിൽ നിന്ന് ബ്രോഷറുകളും, ഫ്ളയറുകളും ഡൗൺലോഡ് ചെയ്യാൻ കഴിയണം. സ്റ്റാൾ ഉടമയുമായുള്ള ബിസിനസ് ഇടപെടൽ തികച്ചും സുരക്ഷിതവുമായിരിക്കണം. ഓൺലൈൻ ആയി തന്നെ കരാർ ഒപ്പിടാനും കഴിയണം. സാധാരണ വിർചൽ എക്സിബിഷനുകളെ അപേക്ഷിച്ചു കയർ മേളയിൽ കുറെക്കൂടി വിപുലമായ ഒരു സംവിധാനം വേണ്ടി വരും.

അന്താരാഷ്ട്ര കയർ വിപണന മേളയ്ക്ക് പുറമെ ഭൂവസ്ത്രം സംബന്ധിച്ച് പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് പ്രതിനിധികൾക്കുവേണ്ടി ആയിരം പേരെങ്കിലും പങ്കെടുക്കുന്ന വെബിനാർ. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ പ്രതിനിധികൾക്ക് കയർ ഭൂവസ്ത്ര ഉപയോഗം സംബന്ധിച്ച അവതരണങ്ങൾ നടത്താനുള്ള അവസരവും ഉണ്ടാവും. ഇവിടെയും അടുത്ത വർഷത്തെക്കുള്ള ഓർഡർ ബുക്ക് ചെയ്യുന്നതിനുള്ള വിർചൽ സംവിധാനമുണ്ടാകും.

മറ്റൊരു മഹാസമ്മേളനം കയർ സഹകരണ സംഘങ്ങളുടേതാണ്. എല്ലാ സംഘങ്ങളിലും തകൃതിയായി യന്ത്രവത്കരണം നടക്കുകയാണല്ലോ. ഇതിന്റെ അനുഭവങ്ങൾ അവതരിപ്പിക്കാൻ അവർക്കും സന്ദർഭം ഉണ്ടാവും. മൂന്നാമതൊരു സമ്മേളനം ആഭ്യന്തര ഉപഭോക്താക്കളുടെയും ഉപഭോക്തൃ ശൃംഖല കമ്പനികളുടെതും ആയിരിക്കും. ആഭ്യന്തര കമ്പോളമാണ് കയർമേളയുടെ ഒരു മുഖ്യലക്ഷ്യം. ഇതോടൊപ്പം അവസാനമായി സാധാരണ കയർ മേളയിൽ നടക്കുന്ന കലാമേളകളും ഉണ്ടാകും. ആലപ്പുഴയിൽ പല കേന്ദ്രങ്ങളിൽ വൈഡ് സ്ക്രീനിൽ പ്രദർശിപ്പിക്കുന്നതിനൊപ്പം സോഷ്യൽ മീഡിയയിൽ ലൈവ് ആയും പ്രദർശിപ്പിക്കും. ഇതൊരു ചെറിയ മേള അല്ലെന്ന് മനസിലായല്ലോ. ഈ പരിപാടി എങ്ങനെ മികവുറ്റതാക്കാം എന്നത് സംബന്ധിച്ച് വിദഗ്ധരുടെ അഭിപ്രായങ്ങൾ ഉയർന്നു വരണം.



# റോഡുകൾക്ക് ഇനി ഭൂവസ്ത്ര പരിരക്ഷ

ജി. സുധാകരൻ

**കേ**രളത്തിന്റെ വ്യാവസായിക ചരിത്രവും വലിയ വിഭാഗം തൊഴിലാളികളുടെ നിലനിൽപ്പും സുവർണ്ണ നാര് എന്നറിയപ്പെടുന്ന കയറിനോട് ഇഴ ചേർന്നിരിക്കുന്നു. പരമ്പരാഗത ഉപയോഗങ്ങൾക്കൊപ്പം മൂല്യവർദ്ധിത ഉത്പന്നങ്ങളിലാണ് കയർ വ്യവസായത്തിന്റെ ഭാവി. പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെ പുനർ നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തി വരുന്നു.

തികച്ചും പരിസ്ഥിതി സൗഹാർദ്ദമായി, മണ്ണിനെ വിഷലിപ്തമാക്കാതെ റോഡിന് ഉറപ്പും ഈടും വർദ്ധിപ്പിക്കുന്നതിനും മണ്ണിടിച്ചിൽ തടയുന്നതിനും വശങ്ങൾ ഉറപ്പിക്കുന്നതിനും കയർ ഭൂവസ്ത്രം മികച്ച രീതിയിൽ ഉപയോഗിച്ചു വരുന്നു.കയർ ഭൂവസ്ത്രം വിരിച്ച് അതിനു മുകളിൽ പച്ച മണ്ണിട്ട് അടുത്ത പാളിയായി മെറ്റിലടക്കമുള്ള റോഡു നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചാൽ റോഡിന് ദൃഢത യേറുകയും താണുപോവാതെ വിള്ളലുകളോ പൊളിഞ്ഞിളകലോ ഇല്ലാതെ ദീർഘകാലം നിൽ നിൽക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. രണ്ടു പാളികളായും കയർ ഭൂവസ്ത്രം ഉപയോഗിച്ചു പോരുന്നു.

നിർദ്ദിഷ്ട ആലപ്പുഴ - ചങ്ങനാശ്ശേരി പാതയിലും വിപുലമായി കയർ ഭൂവസ്ത്രം ഉപയോഗിക്കപ്പെടുന്നുണ്ട്. പൂർണ്ണതോതിൽ നടപ്പാവുമ്പോൾ നമ്മുടെ നാട്ടിലെ അടച്ചു പൂട്ടിയ കയർ ഫാക്ടറികളൊക്കെ തുറക്കേണ്ടി വരും. സുവർണ്ണ നാരിന്റെ സുവർണ്ണ കാലമാവുമത്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ ഫെഡ്, ഫോം മാറ്റിംഗ്സ്, എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമാണ് ഗുണമേന്മയുള്ള കയർ ഭൂവസ്ത്രം വാങ്ങുന്നത്. കയർ വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക ഗവേഷണ സ്ഥാപനമായ

> ❝ കേരളത്തിലെ റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനു പുറമെ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കും ❞

നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കേഷൻ ഉള്ള ഗുണമേൻമയുള്ള കയർ ഭൂവസ്ത്രങ്ങളാണ് വകുപ്പ് ഉപയോഗിച്ചു പോരുന്നത്. കയർ ഭൂവസ്ത്രം വിതരണം ചെയ്യാനുള്ള ലീഡിംഗ് ഏജൻസിയായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെ തിരഞ്ഞെടുത്തിട്ടുണ്ട്.

കേരളത്തിലെ റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനു പുറമെ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കുമെന്നതാണ് ഇതിലെ നല്ല വശങ്ങൾ. വി.എസ് സർക്കാരിന്റെ കാലത്ത് കയർ മന്ത്രിയായിരുന്നതിന്റെ ആത്മബന്ധവും ഇഴയടുപ്പവും ഈ മേഖലയുമായി സൂക്ഷിക്കുന്നതിന്റെ സ്വകാര്യ സന്തോഷവും രേഖപ്പെടുത്തട്ടെ.



*തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്രം 92000 ച.മീറ്റർ വാങ്ങി വിനിയോഗിച്ച പോത്തൻകോട് ഗ്രാമപഞ്ചായത്തിനുള്ള ബഹുമതി പത്രവും അവാർഡും തിരുവനന്തപുരം മേയർ കെ.ശ്രീകുമാറിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റ് കെ.വേണുഗോപാലൻ നായർ ഏറ്റുവാങ്ങുന്നു. കയർ വകുപ്പ് സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ്, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, അഡ്വ. കെ. പ്രസാദ്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സുനിൽ. വി. അബ്ബാസ്, ജൂനിയർ സൂപ്രണ്ട് സുരേഷ്, അസ്സിസ്റ്റന്റ് എൻജിനീയർ മുഹമ്മദ് അഖിൽ എന്നിവർ സമീപം.*

കയർ ഭൂവസ്ത്രം, ഭൂമിക്ക് ചാർത്തിയ കയറിന്റെ പൊന്നരഞ്ഞാണം

# കയർ ഭൂവസ്ത്രം, ഭൂമിക്ക് ചാർത്തിയ കയറിന്റെ പൊന്നരഞ്ഞാണം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കേരളത്തിലെ 900–ലേറെ ഗ്രാമ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണ്–ജല സംരക്ഷണ പ്രവർത്തനം നടന്നു വരികയാണ്. 2017 ൽ ആലപ്പുഴയിൽ നടന്ന കയർ കേരളയിൽ വച്ചാണ് കേരളത്തിന്റെ ആരാധ്യനായ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകളിൽ വ്യാപകമായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പദ്ധതിക്ക് തുടക്കമിട്ടതും കരാർ ഒപ്പുവയ്ക്കപ്പെട്ടതും. ഇതിന്റെ തുടർച്ചയായി 2019–ലെ കയർ കേരളയിൽ വച്ച് നൂറിലേറെ കോടി രൂപയുടെ ഒന്നരകോടി ചതുശ്ര മീറ്റർ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പദ്ധതികൾക്കാണ് പഞ്ചായത്തുകളും കയർ വികസന വകുപ്പും തമ്മിൽ ധാരണാ പത്രം ഒപ്പു വെച്ചിട്ടുള്ളത്.

'പൊന്നരിഞ്ഞാണം ഭൂമിക്ക് ചാർത്തും പുഴയുടെ ഏകാന്ത പുളിനത്തിൽ' എന്ന വയലാറിന്റെ അനശ്വര ഗാനത്തെ അനുസ്മരിപ്പിക്കുന്നവിധമാണ് കേരളത്തിന്റെ ഗ്രാമീണ മേഖലയിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നത് എന്ന് കാണാൻ കഴിയും. പരമ്പരാഗത ജല സ്രോതസുകളും മണ്ണും സ്വാഭാവിക രീതിയിൽ സംരക്ഷിക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കുളങ്ങളുടെയും തോടുകളുടെയും നീർചാലുകളുടെയും വശങ്ങളിൽ മണ്ണിടിഞ്ഞുപോകാതെ ബലപ്പെടുത്തി സംരക്ഷിക്കുവാനും വനനശീകരണം മൂലം തരിശായ കുന്നിൻചെരിവ് പ്രദേശങ്ങളിൽ സസ്യാവരണം പുനസൃഷ്ടിക്കുവാനും റോഡുകൾ ബലപ്പെടുത്തുവാനും റയിൽവെ ലൈനിന്റെ ചരിവുഭിത്തിയും മറ്റും സംരക്ഷിക്കുവാനും കയർ ഭൂവസ്ത്രം ഫലപ്രദമാണ്.

മണ്ണിന്റെ ജൈവഘടന നിലനിർത്താനും ജല സ്രോതസ്സുകൾ ശാശ്വതമായി സംരക്ഷിക്കുവാനും കയർ ഭൂവസ്ത്രം ഏറെ പ്രയോജനപ്രദമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിൽ വ്യാപകമായി നടക്കുന്ന വലിയൊരു നിശബ്ദ പരിസ്ഥി സംരക്ഷണ യജ്ഞത്തിന്റെ നേർക്കാഴ്ചകളുടെ ഏതാനും ചില ചിത്രശകലങ്ങളാണ് ഇവടെ വരച്ചുകാട്ടുന്നത്.



*ചിറയിൻകീഴ് റെയിൽവെ പാളത്തിന്റെ ചരിവുഭിത്തി കയർ ഭൂവസ്ത്രം പാകിയിരിക്കുന്നു.*

ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഇന്ത്യൻ റെയിൽവെയുമായി സഹകരിച്ച് റെയിൽവെ പാളത്തിന്റെ ചരിവുഭിത്തി കയർ ഭൂവസ്ത്രം പാകുന്ന പദ്ധതി നടപ്പിലാക്കി. ആകെ 6 പദ്ധതികളാണ് ഇവിടെ നടപ്പിലാക്കിയത്.

2019 ൽ തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്രം വാങ്ങി വിനിയോഗിച്ച പഞ്ചായത്തിനുള്ള അവാർഡ് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കി.





*കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള ഗ്രാമീണ റോഡ് നിർമ്മാണം*

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം പഞ്ചായത്തിൽ ഗ്രാമീണ റോഡ് പരീക്ഷണാർത്ഥം കയർ ഭൂവസ്ത്രം പാകി.



*മലപ്പുറം ജില്ലയിലെ വേങ്ങര കൂറ്റൂർ പാടശേഖരത്തിലെ കൈതത്തോടിന് കയർ ഭൂവസ്ത്രം പാകിയ മനോഹര ദൃശ്യം*

# കയർ ഭൂവസ്ത്രം അണിയിച്ചപ്പോൾ തോട് മനോഹരിയായി

മലപ്പുറം ജില്ലയിൽ വേങ്ങര പഞ്ചായത്തിലെ ഒന്നാം വാർഡിലെ കുറ്റൂർ പാടശേഖരത്തിലുടെ ഒഴുകുന്ന കൈതത്തോടിന് കയർ ഭൂവസ്ത്രം അണിയിച്ചപ്പോൾ തോട് അതിമനോഹരിയായി. വലിയ പാടശേഖരത്തിന് നടുവിൽ പൊന്നരഞ്ഞാണം ചാർത്തിയതുപോലെ ഈ തോട് വൻ ജനശ്രദ്ധയാകർഷിച്ചത് വലിയ വാർത്ത പ്രാധാന്യം നേടിയിരുന്നു.

ഈ മനോഹര കയർ ഭൂവസ്ത്ര തീരം കാണാൻ ദിനംപ്രതി ആയിരങ്ങളാണ് എത്തുന്നത്.



*കാസർഗോഡ് ജില്ലയിൽ കാറഡുക്ക പഞ്ചായത്തിലെ തണ്ണീർത്തടം കയർ ഭൂവസ്ത്രം പാകിയിരിക്കുന്നു*



*കോഴിക്കോട് ജില്ലയിൽ കയർ ഭൂവസ്ത്രം പാകി നടത്തിയ കുളം സംരക്ഷണ പ്രവർത്തികൾ.*



*കണ്ണൂർ ജില്ലയിൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിൽ കയർ ഫെഡ് നൽകിയ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടത്തിയ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ*



*തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കയർ ഭൂവസ്ത്രം പാകിയ മത്സ്യകുളം.*



*കാസർഗോഡ് ജില്ലയിൽ ബന്തടുക്കഗ്രാമ പഞ്ചായത്തിൽ കയർ ഭൂവസ്ത്രം പാകിയതി നുശേഷം പുല്ല് നട്ടിരിക്കുന്നു.*



# ഭൂവസ്ത്രം അണിയുന്ന കുട്ടനാട്

ഗീതു എം.ജി.
റിസേർച്ച് അസിസ്റ്റൻഡ് 'കില'



പച്ചപ്പട്ടണിഞ്ഞ കുട്ടനാടൻ പാടങ്ങളുടെ പുറംബണ്ടുകൾക്ക് ഇനി കയർ ഭൂവസ്ത്രം ഈടും ഉറപ്പും നൽകും.ഇതിനുള്ള പൈലറ്റ് പദ്ധതി നെടുമുടി ഗ്രാമപഞ്ചായത്തിലെ തുമ്പൂരം പാടശേഖരത്തിൽ അന്തിമ ഘട്ടത്തിലേക്ക് അതിവേഗം അടുത്തുകൊണ്ടിരിക്കുകയാണ്.

2018 -ലെ പ്രളയം കുട്ടനാടിന് പുതിയ പല പാഠങ്ങളും നൽകിയിട്ടുണ്ട്.അതിലൊന്നാണീ ഭൂവസ്ത്രം അണിയൽ. ആണ്ടോടാണ്ടുള്ള ഒരനുഭവം മാത്രമായിരുന്നു കുട്ടനാട്ടുകാർക്ക് അന്നുവരെയുള്ള വെള്ളപ്പൊക്കം. പക്ഷേ 2018-ൽ കഥ മാറി. ഒരു പ്രദേശമൊന്നാകെ നാടൊഴിഞ്ഞു പോകേണ്ട നില. പൊതുവിൽ ജലനിരപ്പ് താണപ്പോഴും പാടത്തും പറമ്പിലും കയറിയവെള്ളം ഇറങ്ങിപ്പോവാനുള്ള വഴിയില്ലാതെ കുടുങ്ങിക്കിടക്കുന്ന അവസ്ഥ.

നീരൊഴുക്ക് വഴികൾ അടഞ്ഞ് ഒഴുക്ക് നിലച്ച് നാശോന്മുഖമായതാണ് ഈ നാടിന്റെയൊരു പ്രധാന പ്രശ്നമെന്നു തിരിച്ചറിഞ്ഞതോടെ പരിഹാരം കാണുന്നതിനുള്ള ആലോചനകൾ തുടങ്ങി. നീരൊഴുക്കു വഴികൾ തെളിയണം. അതിലടിഞ്ഞുകൂടിയ ചെളിയും കലക്കും നീങ്ങണം. അവയുപയോഗിച്ച് പാടവരമ്പുകൾ ബലപ്പെടുത്തണം. നാടിനു ചേർന്നതും പ്രകൃതിക്കിണങ്ങുന്നതുമായ ഒരു പുനരുജ്ജീവന പുതുവഴി കണ്ടെത്തേണ്ടത് അനിവാര്യമായി.

> ചെളിയും ഭൂവസ്ത്രവും ഉപയോഗിച്ച് ഈടും ഉറപ്പുമുള്ള ബണ്ടുകൾ നിർമ്മിക്കുന്ന മാതൃക പദ്ധതി നെടുമുടിയിൽ അന്തിമ ഘട്ടത്തിലേക്ക്

ഈ സന്ദർഭത്തിലാണ് ശാസ്ത്ര സാഹിത്യ പരിഷത് 'വേണം മറ്റൊരു കുട്ടനാട് ' എന്ന വട്ടമേശ ചർച്ചയുമായി മുന്നോട്ട് വന്നത്. നെടുമുടി ഗ്രാമപഞ്ചായത്തിലെ വറ്റിവരണ്ട ഒരു നാട്ടുതോട് ജനപങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കുക എന്ന ആശയം അവിടെ ഉടലെടുത്തു. അതിനെ തുടർന്ന് നെടുമുടി തോട്ടുവാത്തല തോട് തൊഴിലുറപ്പു തൊഴിലാളികളും കുടുംബശ്രീ പ്രവർത്തകരും ബഹുജനങ്ങളും അടക്കം മൂവായിരത്തോളം പേർ കൈകോർത്ത് കഴിഞ്ഞ മെയ് 18ന് തെളിനീരൊഴുക്കിയത് കുട്ടനാടിന്റെ പരിസ്ഥിതി ഭൂമികയിലേക്കാണ്. കുട്ടനാടിന്ഒരു പുതുജീവൻ പകരാനുള്ള യത്നത്തിന് തുടക്കമായി ഈ സംരംഭം. ക്യാൻ ആലപ്പി, ഐ.ഐ.ടിബോംബെ, കില, നെടുമുടിഗ്രാമ പഞ്ചായത്ത്, പാടശേഖരസമിതികൾ എന്നിവർ സംയുക്തമായി ക്യാൻ കുട്ടനാട് എന്ന ബഹുജന പദ്ധതിയായി നടപ്പിലാക്കിയപ്പോൾ 2.5 കിലോമീറ്റർ ദൈർഘ്യമുള്ള നാട്ടുതോടിനാണ് ശാപമോക്ഷം ലഭിച്ചത്. തോടിന്റെ ഇരുകരകളിലുള്ള 300-ഓളം കുടുംബങ്ങളെ ചേർത്ത് രൂപീകരിച്ച 6 തോട്ടുകരസംഘങ്ങൾ, 15 വാർഡുകളിലും നടന്ന യോഗങ്ങൾ, പാടശേഖര പൊതുയോഗങ്ങൾ,



തോട്ടുപുരാണമെന്ന പഴയ തലമുറയും പുതിയ തലമുറയുമായുള്ള സംവാദം തുടങ്ങിയ ബോധവത്കരണ പരിപാടിയിൽ ആയിരങ്ങളാണ് പങ്കാളികളായത്.

ഈ തോടിന്റെ ആഴം കൂട്ടിയതിലൂടെ ലഭ്യമായ ചെളി പാടശേഖരങ്ങളുടെ ബണ്ട് ഉയർത്തുന്നതിനും ബലപ്പെടുത്തുന്നതിനും പ്രയോജനപ്പെടുത്തി. 2018-ലെ പോലെ പ്രളയത്തിലേക്ക് എത്തപ്പെട്ടില്ലങ്കിലും 2019-ലെ വെള്ളപ്പൊക്കവും കുട്ടനാട്ടിൽ ജനജീവിതം ദുരിതത്തിലാക്കി. പല പാടശേഖരങ്ങളും വെള്ളം കയറി കൃഷി നശിച്ചു. എന്നാൽ തോട്ടുവാത്തല നാട്ടുതോട്ടിലെ ചെളി ഉപയോഗിച്ച് ബലപ്പെടുത്തിയ മാത്തൂർ പാടശേഖരം ആ വെള്ളപ്പൊക്കത്തെ അതിജീവിച്ചു. ഇത് ധനകാര്യ വകുപ്പു മന്ത്രി ഡോ. തോമസ് ഐസക്കിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് കുട്ടനാടൻ പാടശേഖരങ്ങളിൽ കരിങ്കൽ ബണ്ടുകൾക്കു പകരം പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് ബണ്ടു നിർമ്മിച്ച് അത് ഒരു മാതൃകയാക്കി കുട്ടനാട്ടിലാകെ വ്യാപിപ്പിക്കുന്നതിനുള്ള സാധ്യത ആരായാൻ അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് യുവ എൻജിനിയർ രോഹിത് ജോസഫിന്റെ നേതൃത്വത്തിൽ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുകയും കയർ ഭൂവസ്ത്രവും ചെളിയും ഉപയോഗിച്ച് നെടുമുടി പഞ്ചായത്തിലെ തുമ്പൂരം പാടശേഖരത്തിന് ബണ്ടു നിർമ്മിക്കുവാൻ തീരുമാനമായി.

കുട്ടനാട്ടിൽ നെടുമുടി ഗ്രാമപഞ്ചായത്തിലെ തികച്ചും അവികസിതമായ പ്രദേശമാണ് തുമ്പൂരം. തുമ്പൂരം കിഴക്ക്, പടിഞ്ഞാറ് എന്നിങ്ങനെ രണ്ടു പാടശേഖരങ്ങളിലായി 135 ഏക്കർ നെൽവയലും അതിനെ ചുറ്റിയുള്ള 3.5 കി മീ നീളമുള്ള നാട്ടുതോടും ഉൾപ്പെടുന്ന പ്രദേശമാണിത്. 3 തോടുകളാൽ ചുറ്റപ്പെട്ടതാണ് തുമ്പൂരം പ്രദേശം. തെക്ക് ചീതക്കോട് തോടും വടക്ക് കോച്ചേരി തോടും കിഴക്ക് ചീതക്കോട്-ചെമ്പകശ്ശേരി തോടും ആണ് ഉള്ളത്. നീരൊഴുക്ക് നിലച്ച് നാശോന്മുഖമായ നാട്ടുതോടും, തീർത്തും സഞ്ചാരയോഗ്യമല്ലാത്ത, നിരന്തരം മടവീഴുന്ന ഇടുങ്ങിയതും ദുർബലമായതുമായ പാടശേഖര പുറംബണ്ടും ഇവിടെ അധിവസിക്കുന്ന 120 ഓളം വരുന്ന കർഷക-തൊഴിലാളി കുടുംബങ്ങളുടെ ജീവിതം ദുസഹമാക്കുകയാണ്. ഈ സാഹചര്യത്തിലാണ് കുട്ടനാട്ടിലെ മറ്റു പാടശേഖരങ്ങൾക്ക് മാതൃകയാകും വിധം ഇവിടുത്തെ നാട്ടുതോടുകളെ പുനരുജ്ജീവിപ്പിക്കാനും ശക്തവും സുരക്ഷിതവും സഞ്ചാര യോഗ്യവുമായ ജൈവ പുറംബണ്ട് നിർമ്മിച്ച് ഈ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റാനുമുള്ള പദ്ധതിയായ തുമ്പൂരം പൈലറ്റ് പ്രോജക്ടിന്റെ ആവിർഭാവം. പാടത്തിനേയും ആറിനെയും ബന്ധിപ്പിക്കുന്ന തോടുകൾ ചെളിയെടുത്ത് ആഴം കൂട്ടുക, കുത്തിയെടുക്കുന്ന കട്ട വച്ച് പുറം ബണ്ടും അകം ബണ്ടും ബലപ്പെടുത്തുക, കൂടുതൽ സ്ഥിരത കൈവരിക്കാൻ കയർഭൂവസ്ത്രം വിതാനിക്കുക, ദീർഘകാല നിലനിൽപ്പിനായി അനുയോജ്യമായ സസ്യാവരണം ഉണ്ടാക്കുക. ജലാശയ വീതി കുറഞ്ഞയിടങ്ങളിൽ, 'കൊക്കോ ലോഗ് ' എന്ന കയർ ഉത്പന്നം തെങ്ങിന്റെ കുറ്റികൾക്കിടയിൽ നിറച്ച് പുറമേസസ്യാവരണം തീർക്കുക. ഇതിലൂടെ മഴക്കാലത്ത് അധികജലത്തെ തണ്ണീർത്തടത്തിൽ കെട്ടി നിർത്തുവാനും നിയന്ത്രണ വിധേയമായി ചെറുജലാശയങ്ങൾ വഴി വലിയ ആറുകളിലേയ്ക്കും കായലുകളിലേയ്ക്കും തദ്വാരാ സമുദ്രത്തിലേയ്ക്കുമെത്തിച്ച് വെള്ളപ്പൊക്കത്തിന്റെ ആഘാതം കുറയ്ക്കുക, നവീകരിച്ച ബണ്ട് വാഹനഗതാഗതത്തിന് ഉപയുക്തമാക്കുക എന്നിവയെല്ലാം ചേർന്നതാണ് തുമ്പൂരം പദ്ധതി.

പാടശേഖരങ്ങളുടെ ചുറ്റുമുള്ള തോടുകളിൽ നിന്നാണ് റോഡ് നിർമാണത്തിന് ആവശ്യമായ ചെളി എടുക്കുന്നത്. ഏതു കുത്തൊഴുക്കിലും മണ്ണിനേയും ചെളിയേയും പിടിച്ചു നിർത്തുകയും വെള്ളം സുഗമമായി ഒഴുകിപ്പോകാൻ അനുവദിക്കുകയും ചെയ്യുന്ന രീതിയിലേക്ക് ബണ്ടിനെ മാറ്റുവാനാണു കയർ ഭൂവസ്ത്രം ഒരു പ്രധാന ഘടകമാക്കിയത്. തിരഞ്ഞെടുത്ത തോടിലെ 6 വിവിധ സ്പോട്ടുകളിൽ നിന്നും ചെളിയുടെ സാമ്പിൾ ശേഖരിച്ചുകൊണ്ട് വിശദമായ പഠനത്തിനു വിധേയമാക്കി. ചെളിയുടെ സവിശേഷതകൾ വിലയിരുത്തുന്നതിനായി എഞ്ചിനീയറിംഗ് ടെസ്റ്റുകൾ രണ്ടു രീതിയിലാണ് നടത്തിയത്. ആദ്യത്തേത് ചെളി മാത്രമായും തുടർന്ന്ചെളിയും കയർഭൂവസ്ത്രവും പല തട്ടുകളായി സംയോജിപ്പിച്ചുകൊണ്ടും. പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെളിയും ഭൂവസ്ത്രവും സംയോജിപ്പിച്ചുകൊണ്ടുള്ള ഘടനയ്ക്കാണ് കൂടുതൽ ആയുസും ബലവും എന്ന് കണ്ടെത്തി. തുടർന്നാണ് ഈ ഘടനയിൽ തുമ്പൂരത്തിൽ ബണ്ട് നിർമിക്കുവാൻ തീരുമാനിച്ചത്.

തോടുകളിലെ ചെളി നീക്കികൊണ്ട് നീരൊഴുക്ക് വർദ്ധിപ്പിച്ച് ആ ചെളി ഉപയോഗിച്ച് ബണ്ട് നിർമ്മി



ക്കുന്ന ഒന്നാം ഘട്ടം ഇതിനോടകം പൂർത്തികരിക്കപ്പെട്ടു കഴിഞ്ഞു. സംസ്ഥാന കയർ വകുപ്പിന്റെ സഹകരണത്തോടെ നെടുമുടി ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുക്കുന്ന ഈ മാതൃക പദ്ധതിയിൽ കില – ഐ.ഐ.ടി ബോംബെ പദ്ധതിയായ ക്യാൻ ആലപ്പിയും സഹകരിക്കുന്നുണ്ട്. പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരി എട്ടിന് ധനമന്ത്രി ഡോ. തോമസ് ഐസക്കാണ് നിർവഹിച്ചത്. കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കുട്ടനാട് പ്രിൻസിപ്പൽ ഡോ. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ കോളേജിലെ അധ്യാപകരും നാലാം വർഷ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളും ചേർന്നാണ് ചെളിയും കയർ ഭൂവസ്ത്രവും ഉപയോഗിച്ചുള്ള ബണ്ടിന്റെ രൂപകല്പന തയാറാക്കിയിരിക്കുന്നത്.

പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം തോട്ടിലെ പോള നീക്കം ചെയ്യലും ബണ്ട് വൃത്തിയാക്കി നിരപ്പാക്കുന്നതുമായിരുന്നു. ബണ്ടിലെ കുറ്റിച്ചെടികളും പാഴ്‌വസ്തുക്കളും നീക്കം ചെയ്യുകയും ചാഞ്ഞുനിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുനീക്കുകയും മറ്റും ചെയ്തത്. തൊഴിലുറപ്പ് തൊഴിലാളികളാണ്. 3.5 മീറ്റർ വീതിയിലാണ് ബണ്ട് റോഡ് നിർമിക്കുന്നത്. വീതി ഇല്ലാത്ത സ്ഥലങ്ങളിൽ ചെളി ഉപയോഗിച്ച് നിരപ്പാക്കി 3.5 മീറ്റർ വീതിയിലേക്കെത്തിച്ചു. ഇങ്ങനെ വൃത്തിയാക്കിയ ബണ്ടിന്റെ മുകളിൽ കയർഭൂവസ്ത്രം വിരിക്കുന്നു. ആദ്യം 3.5 മീറ്റർ വീതിയിൽ കയർ ഭൂവസ്ത്രം വിരിക്കുന്നു. ശേഷം ഇതിനു കുറുകെയായി ബലൂണിങ്ങിനു ആവശ്യമായ കയർ ഭൂവസ്ത്രം 10 മീറ്റർ നീളത്തിൽ മുറിച്ചു വിരിക്കുന്നു. പിന്നീട് ഇതിനു മുകളിൽ ചെളി നിക്ഷേപിക്കുകയും ഭൂനിരപ്പനുസരിച്ച് ബണ്ടിന്റെ ഘടനയിലേക്ക് രൂപപെടുത്തിയെടുക്കുകയമാണ്. 25 സെ. മി. ഉയരത്തിലേക്ക് ചെളി രൂപപെടുത്തിയശേഷം ഇതുപോലെ രണ്ട് പാളികൾ കൂടി ഇട്ടുകൊണ്ട് 75 സെ. മി. ഉയരവും മൂന്നു മീറ്റർ വീതിയുമുള്ള ബണ്ട് നിർമ്മിക്കുന്നു. ശേഷം താഴെയുള്ള ഭൂവസ്ത്ര പാളി ഉപയോഗിച്ച് മുഴുവൻ ബണ്ടും പൊതിയുന്നതാണ് അടുത്ത ഘട്ടം. അതുവഴി വശങ്ങളിലേക്ക് മണ്ണ് ഇടിഞ്ഞുപോകാതെ ബണ്ടിന്റെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യും. അവസാന ഘട്ടമായി ഏറ്റവും മുകളിൽ 15 സെ. മി. ഘനത്തിൽ ഗ്രാവൽ പൊതിഞ്ഞു സഞ്ചാരയോഗ്യമാക്കുന്നുതോടെ എല്ലാ ഘട്ടങ്ങളും പൂർത്തിയാകും. ഇപ്പോൾ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടം ഏകദേശം പൂർത്തിയായിരിക്കുകയാണ് . അതിവേഗം അന്തിമ ഘട്ടത്തിലേക്ക് അടുക്കുന്ന ഈ മാതൃകാ പദ്ധതി വിജയകരമായി പൂർത്തീകരിക്കപ്പെടുന്നതോടെ മൂന്നു ജില്ലകളിലെ 79 വില്ലേജുകളിലായി പരന്നു കിടക്കുന്ന 400 ഓളം പാടശേഖരങ്ങളും 32 കായൽ നിലങ്ങളുമുള്ള വിശാല കുട്ടനാട്ടിലെ പുറം ബണ്ടുകൾ കയർ ഭൂവസ്ത്രം അണിയാനുള്ള വഴി തുറക്കും, അതോടെ ഭൂവസ്ത്രത്തിന്റെ ഏറ്റവും വലിയ ഉപഭോക്താക്കളായി കുട്ടനാട് മാറുകയും ചെയ്യും.

കുട്ടനാടിന്റെ പരിസ്ഥിതിക്ക് അത്യന്തം അനുയോജ്യമായ ഈ നിർമ്മാണ പദ്ധതി വാസ്തവത്തിൽ പഴമയുടെ നന്മയിലേയ്ക്കുള്ള ഒരു തിരിച്ചു പോക്കാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാതെയുള്ളതും എന്നാൽ പൂർണ്ണമായും ശാസ്ത്രീയമായതുമായ നിർമ്മാണ രീതിയാണ് അവലംബിക്കുന്നത്. ധനകാര്യ-കയർ മന്ത്രി ഡോ. തോമസ് ഐസക്കിനാൽ ഉത്ഘാടനം ചെയ്ത ഈ പദ്ധതി വിജയകരമായി പൂർത്തിയായി കുട്ടനാട്ടിലെ മറ്റെല്ലാ പാടശേഖരങ്ങൾക്കും മാതൃകയാകുകയാണ്.

കുറച്ച് സമയത്തേയ്ക്ക് പെയ്യുന്ന വലിയ മഴയും മലവെള്ളത്തിന്റെ കുത്തൊഴുക്കും കുറച്ചു ദിവസങ്ങൾ കുട്ടനാട്ടിലെ തണ്ണീർത്തടങ്ങളിൽ മാത്രം ഇനി വിശ്രമിക്കും. ജനവാസ പ്രദേശങ്ങൾ പ്രളയാഘാതത്തിൽ നിന്ന് മുക്തി നേടും, ബണ്ട് പൊട്ടലുകൾ പഴങ്കഥയാകും. അതിനെല്ലാം അടിസ്ഥാനമാകുന്നതോ കയർ ഭൂവസ്ത്രവും.



# പ്രതിസന്ധികൾ മുറിച്ചുകടന്ന് കയർമേഖല

**ഡോ. കെ. മദനൻ**
**മുൻ കയർ വികസന ഡയറക്ടർ**

**കേ**രളത്തിലെ കയർമേഖല ഏതാണ്ടെല്ലാക്കാലത്തും അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ചകിരിനാരിന്റെ ദൗർലഭ്യം. അതുകൊണ്ടാണല്ലോ മുൻകാലങ്ങളിൽ തൊണ്ടിന് ലെവി സമ്പ്രദായം ഏർപ്പെടുത്തിയിരുന്നതും തൊണ്ടുപിടുത്തം ശക്തമാക്കിയിരുന്നതും. തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും ശക്തിപ്പെടുത്താൻ സർക്കാരുകൾ വേണ്ടത്ര പ്രോത്സാഹനം നൽകുന്നുവെങ്കിലും കേരളത്തിലെ ചകിരി ഉത്പാദനം പ്രതീക്ഷിച്ച രീതിയിൽ പുരോഗമിച്ചിരുന്നില്ല.

ഈ മേഖല ഇന്നലെകളിൽ അഭിമുഖീകരിച്ചിരുന്ന വൈഷമ്യങ്ങൾ അപഗ്രഥിച്ച് നാളെയ്ക്കുവേണ്ടികൂടെ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ വിട്ടുപോകാൻ പാടില്ലാത്ത ചില വസ്തുതകൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. അഴുക്കൽ തൊണ്ട് തല്ലിയെടുക്കുമ്പോൾ ലഭിക്കുന്ന ചകിരിയാണ് യഥാർത്ഥ സുവർണനാര് എന്നത് നമുക്കേവർക്കും പരിചിതമായ കാര്യമാണ്. പരിസ്ഥിതി ഉൾപ്പെടെ ബന്ധപ്പെട്ട കാര്യങ്ങളാൽ ആ സുവർണ നാരിന്റെ ഉത്പാദനം ഇപ്പോൾ നാമമാത്രമാണ്. ഇരുപത്തി അയ്യായിരമോ അതിൽ കൂടുതലോ തൊണ്ട് ദിനംപ്രതി സംസ്കരിച്ച് ചകിരിയാക്കാൻ കഴിയുന്ന ഡീഫൈബറിംഗ് മില്ലുകൾ ആദ്യകാലങ്ങളിൽ ഫീസിബിൾ ആയി പ്രവർത്തിച്ചുവെങ്കിലും അത്തരം മില്ലുകൾ പലതും രോഗാതുരമാകുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്. ഗുണനിലവാരമുള്ള തൊണ്ടിന്റെ ലഭ്യതക്കുറവോ സംഭരണത്തിലെ ബുദ്ധിമുട്ടുകളോ എന്തായാലും ദിനംപ്രതി 10,000 തൊണ്ടുപോലും സംസ്കരിക്കാൻ ലഭിക്കാതെ വന്നപ്പോൾ ഇത്തരം മില്ലുകളും മാസത്തിൽ പത്തോ പതിനഞ്ചോ ദിവസം മാത്രം അതും പലപ്പോഴും പതിനായിരം തൊണ്ടിൽ താഴെ മാത്രം സംസ്കരിച്ച് പ്രവർത്തിക്കുന്ന സ്ഥിതിയിലേയ്ക്ക് വഴി മാറുന്നതും നാം കണ്ടതാണ്. ഇത്തരം യൂണിറ്റുകൾ അഭിമുഖീകരിച്ചിരുന്ന മറ്റൊരു പ്രശ്നം വൈദ്യുതി ബില്ലാണ്. പ്രവർത്തിച്ചാലും ഇല്ലെങ്കിലും വൈദ്യുതി ബോർഡിന് ഫിക്സഡ് ചാർജ്ജിനത്തിൽ മാസംതോറും നൽകേണ്ടി വരുന്ന നിശ്ചിത തുക കൂടെ കണക്കാക്കുമ്പോൾ ഡീഫൈബറിംഗ് മില്ലുകളുടെ പ്രവർത്തനം നഷ്ടത്തിലേയ്ക്ക് വഴിമാറി അവസാനം പ്രവർത്തനരഹിതമാകുന്ന സ്ഥിതിയിലേയ്ക്ക് എത്തിപ്പെടുന്ന അവസ്ഥയായിരുന്നു. 25,000 തൊണ്ടുവരെ ദിനംപ്രതി സംസ്കരിച്ച് ചകിരിയാക്കാൻ പ്രാപ്തിയുള്ള ഡീഫൈബറിംഗ് മില്ലുകളിൽ ഉപയോഗിക്കുന്ന ബേസിക് മെഷീനിന്റെ കപ്പാസിറ്റി 50 എച്ച്.പി.യോ അതിലധികമോ ഒക്കെയാണ്. ഉപകരണങ്ങളുടെ കപ്പാസിറ്റി കൂടെ കണക്കാക്കുമ്പോൾ ഡീഫൈബറിംഗ് മില്ലിന്റെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി ഇരട്ടിയിലേറെ വർദ്ധിക്കുകയും അത് അടിസ്ഥാനമാക്കിയുള്ള വൈദ്യുതി ബോർഡിനു നൽകേണ്ട ഫിക്സഡ് ചാർജ്ജിനത്തിലെ തുക സ്വാഭാവികമായി വർദ്ധിക്കുകയും ചെയ്യുന്നു.

ഇതെല്ലാം മുന്നിൽ കണ്ടാണ് 5000 തൊണ്ടുവരെ ദിനംപ്രതി സംസ്കരിച്ച് ചകിരിയാക്കാൻ പാകത്തിലുള്ള മിനി ഡീഫൈബറിംഗ് മെഷീനുകളുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചത്. ഇതിന്റെ ബേസിക് യൂണിറ്റിന്റെ കപ്പാസിറ്റി 10 എച്ച്.പി. ആയിരുന്നു. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് മോഡിഫിക്കേഷൻ വരുത്തിയപ്പോൾ കപ്പാസിറ്റിയും ഉയർന്നു. സ്പെസിഫിക്കേഷന്റെ കാഴ്ചപ്പാടിലും മാറ്റം വന്നു. ദിനംപ്രതി എന്നതിനു പകരം മണിക്കൂറിൽ ഇത്ര തൊണ്ടടിക്കാമെന്നതായി കണക്ക്. ബേസിക് മെഷീന് 20 എച്ച്.പി. യും ഇൻസ്റ്റാൾഡ് കപ്പാസിറ്റി അതിനിരട്ടിയോളവും വരുന്ന ഡീഫൈബറിംഗ് മെഷീനിലൂടെ മണിക്കൂറിൽ 1000 തൊണ്ടും, 30 എച്ച്.പി. യുള്ള ബേസിക് മെഷീനിൽ (ഇൻസ്റ്റാൾഡ് കപ്പാസിറ്റി അതിനിരട്ടിയോളം) മണിക്കൂറിൽ 2000 തൊണ്ടും സംസ്കരിക്കാം എന്ന രീതിയിലുള്ള മെഷീനുകളും ലഭ്യമാണ്. ഇതിന്റെ 75% കപ്പാസിറ്റിയിൽ പ്രവർത്തിച്ചാൽ പോലും യൂണിറ്റു

കൾക്ക് ഏറെക്കുറെ ബുദ്ധിമുട്ടില്ലാതെ തന്നെ മുന്നോട്ടു പോകുവാൻ സാധിക്കും. രണ്ട് ഷിഫ്റ്റിലായി പ്രവർത്തിച്ചാൽ കുറെക്കൂടി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെയ്ക്കാൻ കഴിയും.

നൂറ് ശതമാനവും സ്ത്രീകൾ പണിയെടുക്കുന്ന കയർപിരി മേഖലയും ഒട്ടേറെ സങ്കീർണതകൾ അഭിമുഖീകരിക്കുന്ന മേഖലയാണ്. എത്രതന്നെ കഷ്ടപ്പെട്ടാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി എന്ന അവസ്ഥയിലായിരുന്നു കയർപിരി മേഖലയിലെ ഏറിയ പങ്ക് തൊഴിലാളികളും. മലബാർ മേഖലയിൽ ഏറിയ പങ്ക് തൊഴിലാളികൾക്കും ശരാശരി ലഭിച്ചിരുന്ന കൂലിയായ 50–60 രൂപയിൽ നിന്നും അവർക്ക് മോചനമുണ്ടായത് വരുമാന താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് പദ്ധതി) നടപ്പിലാക്കി തുടങ്ങിയതോടെയാണ്. ഒരു തൊഴിലാളിക്ക് ശരാശരി 110 രൂപയാണ് പ്രതിദിനം സർക്കാർ വിഹിതമായി ഈ പദ്ധതി പ്രകാരം ലഭിച്ചിരുന്നത്.

കയർ പിരി മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സർക്കാർ വർക്ക്ഷെഡ് നിർമ്മിക്കാനും പ്രവർത്തന മൂലധനമായും ഒക്കെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഡീഫൈബറിംഗ് മെഷീൻ, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉൾപ്പെടെയുള്ള മെഷിനറികൾ സൗജന്യമായി നൽകുന്നുമുണ്ട്. വരുമാന താങ്ങൽ പദ്ധതി തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും എന്നീ പദ്ധതികൾ കൂടെ പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്ന സംഘത്തിന് അവർക്കാവശ്യമുള്ള ചകിരി ഉൽപ്പാദിപ്പിച്ചെടുക്കാമെന്നു മാത്രമല്ല തങ്ങളുടെ തൊഴിലാളികൾക്ക് ഭേദപ്പെട്ട കൂലി മുടക്കം കൂടാതെ ലഭ്യമാക്കാനും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കാനും കഴിയേണ്ടതുമാണ്.

ഇങ്ങനെ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെയ്ക്കണമെങ്കിൽ ചില ശാഠ്യങ്ങളും ഉപേക്ഷിക്കണം. അതിൽ ഏറ്റവും പ്രധാനം അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ചകിരി ഉപയോഗിച്ചു മാത്രമേ നമ്മൾ കയറും കയറുത്പന്നങ്ങളും ഉത്പാദിപ്പിക്കുകയുള്ളൂ എന്നതാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ ചകിരി എത്തിച്ച് മടങ്ങുന്ന ലോറികളിൽ ഇവിടുന്നു തൊണ്ട് ശേഖരിച്ചുപോകുന്നതിനേക്കാൾ എത്രയോ അഭികാമ്യമാണ് ആ തൊണ്ട് ഇവിടെത്തന്നെ സംസ്ക്കരിച്ച് ചകിരിയാക്കുക എന്നത്. ചകിരി വില നിയന്ത്രണാതീതമാകുമ്പോൾ സർക്കാർ സബ്സിഡി കൂടെ പ്രയോജനപ്പെടുത്തി അയൽ സംസ്ഥാനങ്ങളിൽ നിന്നും ചകിരി കയർപിരി സംഘങ്ങൾക്ക് ലഭ്യമാക്കാറുണ്ട്, അത്തരം ഘട്ടങ്ങളിൽ ഉൾപ്പെടെ രണ്ടാംതരം ചകിരി സംഘങ്ങളിൽ ഇറക്കി ഒന്നാംതരം ചകിരിയുടെ വില വാങ്ങിപ്പോകുന്ന പ്രവണതയുണ്ടെങ്കിൽ അതും കൂട്ടായി നിരുത്സാഹപ്പെടുത്തണം. മെഷിനറി സപ്ലൈയർമാർ വിൽപനാനന്തര സർവീസിനായി മെഷിനറി നൽകുന്ന മേഖലകളിൽ അർഹരായവർക്ക് പരിശീലനം നൽകി പ്രപ്തരാക്കണം എന്നതിലുപരി അവശ്യം വേണ്ടുന്ന സർവീസ് ചെയ്യാൻ ഓരോ സംഘത്തിലും പ്രാപ്തരായവരെ പരിശീലിപ്പിച്ചെടുക്കണം എന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്.

മെഷീൻ തെരഞ്ഞെടുക്കുന്നതിലും ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്. സാങ്കേതികമായി മെച്ചപ്പെട്ടതും തങ്ങൾക്ക് അനുയോജ്യമായതുമാകണം തെരഞ്ഞെടുക്കേണ്ടത്. സ്ഥലത്തിന്റെ ലഭ്യതയും വ്യാപ്തിയും അനുയോജ്യതയും ഏതുതരം ഡീഫൈബറിംഗ് മെഷീൻ തെരഞ്ഞെടുക്കണം എന്നതിലെ പ്രധാന ഘടകമാണ്. തൊണ്ട് ശേഖരിച്ച് ഇടുന്നതിനും ചകിരി, പിത്ത്, കുട്ടിച്ചകിരി ഇവയൊക്കെ കൂടുതലായാൽ പോലും ഉൾക്കൊള്ളാനുള്ള സ്ഥലം പര്യാപ്തമാണോ



യെന്നും പരിശോധിക്കണം. പിത്തും കുട്ടിച്ചകിരിയും അപ്പപ്പോൾത്തന്നെ പ്രയോജനപ്പെടുത്താനോ ഡിസ്പോസ് ചെയ്യാനോ ഉള്ള മാർഗ്ഗത്തെക്കുറിച്ചും ഒരു മുൻധാരണയുണ്ടാകുകയും വേണം. ലഭിക്കുന്ന/ലഭിക്കാവുന്നതൊണ്ടിന്റെസൈസിനെക്കുറിച്ചുവരെഒരുധാരണ പുലർത്തി വേണം ഏത് കപ്പാസിറ്റിയിലുള്ള മെഷീൻ വേണം എന്നതു നിശ്ചയിക്കാൻ. വടക്കോട്ട് തൊണ്ടിന്റെ വില കുറവെന്നതും തെക്ക് ഭാഗങ്ങളിൽ വില താരതമ്യേന കൂടുതലാണെന്ന വസ്തുതയും ലാഭനഷ്ടക്കണക്കുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസിൽ കരുതേണ്ട കാര്യമാണ്. കപ്പാസിറ്റി തീരെ കുറഞ്ഞ മെഷീനിൽ ഉണ്ടായേക്കാവുന്ന സാങ്കേതിക പരാധീനതകളും കുറഞ്ഞ പ്രവർത്തന കാലഘട്ടവുമൊക്കെ പഠിച്ചും മനസിലാക്കിയും മെഷീൻ തെരഞ്ഞെടുക്കുമ്പോൾ സ്വാഭാവികമായും പ്രവർത്തനക്ഷമത മെച്ചപ്പെട്ട രീതിയിൽത്തന്നെ കൈവരിക്കാൻ സാധിക്കുന്നതാണ്.

നമ്മുടെ നാട്ടിൽ നിന്നും ശേഖരിക്കുന്ന ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി തിരിച്ചെത്തുന്നതിനു സമാനമായ പ്രവണത കയർ മേഖലയിലും വ്യാപിച്ചിരിക്കുന്നു എന്നത് തിരിച്ചറിയേണ്ടതാണ്. പ്രശ്നങ്ങൾക്കു പരിഹാരമാണ് മറിച്ച് പരാതിയല്ല വേണ്ടതെന്നും പ്രതിബദ്ധത പ്രവർത്തിയിലൂടെ പ്രതിഫലിപ്പിച്ച് ഈ മേഖല സുഗമമായി നിലനിർത്തണമെന്നും പ്രതിജ്ഞയെടുക്കണം. നമുക്കിഷ്ടപ്പെട്ട ഉത്പന്നമല്ല മറിച്ച് വിപണി ആവശ്യപ്പെടുന്ന ഗുണമേൻമയുള്ള ഉത്പന്നങ്ങളാണ് നിർമ്മിച്ചു നൽകേണ്ടതെന്ന ബോധം ഓരോരുത്തരിലും ഉടലെടുത്താൽ ചകിരി ഉത്പാദനം പൂർണ്ണമായും നമ്മുടെ കൈവെള്ളയിലൊതുക്കാമെന്നും കയർമേഖലയിലെ തൊഴിലും തൊഴിലവസരങ്ങളും ഗുണപരമായി ഏറെ മെച്ചപ്പെടുത്താനും സാധിക്കും എന്ന കാര്യത്തിലും സംശയമില്ല. കയർമേഖല ഇപ്പോൾ ആ നിലയ്ക്കാണ് മുന്നോട്ടു പോകുന്നതെന്നത് ഏറെ പ്രതീക്ഷ നൽകുന്നു.





സി. അഭിഷേക്,
സ്പെഷ്യൽ ഓഫീസർ കയർ

തോമസ് ജോൺ,
ഡപ്യൂട്ടി രജിസ്ട്രാർ, കയർ ഡയറക്ടറേറ്റ്

# ഭൂവസ്ത്രത്തിന്റെ അന്തർദേശീയ വിപണി: ചില അനുഭവ പാഠങ്ങൾ

## ഒരു കോടിയുടെ കയറ്റുമതി നേട്ടവുമായി കയർഫെഡ്

**ക**യർ കേരള –2018 നായി വിദേശ വ്യാപാരികളെ കണ്ടെത്തുന്നതിന് കയർ വകുപ്പ് വിവിധ എംബസി കളുമായി ബന്ധപ്പെടുന്ന സമയത്താണ് ഞങ്ങൾ ഫ്രഞ്ച് കോൺസലേറ്റിലെ അംബികയെ പരിചയപ്പെട്ടത്. (2018ലെ കയർ കേരള പ്രളയം കാരണം പിന്നീട് മാറ്റി വയ്ക്കപ്പെട്ടു)

2018 ഒക്ടോബർ മാസത്തിൽ ഒരു ഫ്രഞ്ച് ബിസിനസ് പ്രതിനിധി സംഘം കൊൽക്കൊത്തയിൽ പ്രകൃതി ദത്ത നാരുകൾക്കായുള്ള സെമിനാറിൽ പങ്കെടുക്കു ന്നതിനായി എത്തുന്നതായി അംബിക വഴിയാണ് അറിയാൻ കഴിഞ്ഞത്. യഥാർത്ഥത്തിൽ ആ സെമിനാ റിൽ ഒരു പ്രകൃതിദത്ത നാര് എന്ന നിലയിൽ കയറിന് പങ്കാളിത്തം ഉണ്ടായിരുന്നില്ല. എന്നാൽ കയർ വിക സന ഡയറക്ടറായിരുന്ന എൻ പത്മകുമാർ ഐ.എ. എസിന്റെ അനുമതിയോടെ നടത്തിയ ആശയവിനിമ യം ഫലപ്രാപ്തിയിൽ എത്തിയതോടെ ആ സെമിനാ റിൽ 20 മിനിറ്റ് സമയം കയർ മേഖലക്ക് അനുവദിച്ചു കിട്ടുകയായിരുന്നു.

ഇക്കാര്യത്തിൽ ഫ്രഞ്ച് എംബസിയിലെ ശോ ബിത് നല്ലനിലക്ക് സഹായങ്ങൾ ചെയ്തു തന്നു എന്ന ത് എടുത്തു പറയേണ്ടതാണ്. സർക്കാരിന്റെ അനുമതി യോടെ കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി.സുരേഷ് കുമാർ, സി. അഭിഷേക്, (സ്പെഷ്യൽ ഓഫീസർ കയർ), തോമസ് ജോൺ, ഡെപ്യൂട്ടി രജിസ്ട്രാർ കയർ ഡയറക്ടറേറ്റ്, ശ്രീവർദ്ധൻ നമ്പൂതിരി, കയർ ഫെഡ് മാർക്കറ്റിംഗ് മാനേജർ എന്നിവർ ആ സെമിനാറിൽ പങ്കെടുത്തു. സെമിനാറിനോട് അനുബന്ധിച്ച നടത്തിയ ചെറിയ എക്സിബിഷനിൽ കയർഫെഡ് ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. സെമി നാറിൽ പങ്കെടുത്ത ഫ്രഞ്ച് കോൺസിലേറ്റ് ജനറൽ ആന്റ് ഹൈ കമ്മീഷണർ ഏഷ്യാ– പെസഫിക് റീജി യൻ കയർ ഉത്പന്നങ്ങൾ വളരെ താത്പര്യപൂർവ്വം വീക്ഷിച്ചു. കയർഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച 20 മിനിട്ട് 40 മിനിട്ടായി നീണ്ടു എന്നു മാത്ര മല്ല കോൺസലേറ്റ് ജനറലിന്റെ അഭിനന്ദനം നേടാനും അദ്ദേഹത്തിനു കഴിഞ്ഞു. തുടർന്ന് ഡെലിഗേഷനു മായി ചർച്ച നടത്തുകയും അവരെ കേരളത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

വർഷംതോറും കേരളം നടത്തിവരുന്ന കയറിന്റെയും മറ്റു പ്രകൃതിദത്ത നാരുകളുടെയും അന്തർദേശീയ മേളയായ കയർ കേരള സംബന്ധിച്ചു അവരുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഇത്തരമൊരു സംരംഭത്തെക്കുറിച്ചുള്ള അറിവ് അവർക്ക് തികച്ചും പുതുമയായിരുന്നു. പ്രകൃതിദത്ത നാരുകളിൽ പ്രത്യേ കിച്ച് കയറിനു വേണ്ടി കേരള സർക്കാർ ഇത്രയധികം താത്പര്യം എടുക്കുന്നതും കേരളത്തിലെ സാമൂഹ്യ വികസനരംഗത്ത് കയർ തൊഴിലാളികൾ നൽകിയി ട്ടുള്ള സംഭാവനകളെ സംബന്ധിച്ചും വളരെ താത് പര്യപൂർവം മനസ്സിലാക്കിയ ഫ്രഞ്ച് പ്രതിനിധിസംഘം കേരളത്തിലേക്കു വരുന്നതിനും താത്പര്യം പ്രകടി പ്പിച്ചു.

തുടർന്ന് കയർ ഭൂവസ്ത്രം മണ്ണ് ജല സംര ക്ഷണ പ്രവർത്തനങ്ങൾക്കും റോഡ് നിർമ്മാണത്തിനും കടൽഭിത്തി സംരക്ഷണത്തിനും ഒക്കെ ഉപയോഗി ക്കുന്ന ഫ്രഞ്ച് സ്ഥാപനത്തിന്റെ പ്രതിനിധിയും അദ്ദേ ഹത്തിന്റെ ദ്വിഭാഷിയായി സാവിയും കേരളത്തിൽ എത്തി. കയർഫെഡ് പ്രസിഡന്റ് അഡ്വക്കേറ്റ് എൻ. സായികുമാർ, മാനേജിംഗ് ഡയറക്ടർ സി സുരേഷ് കുമാർ, ജനറൽ മാനേജർ ബി. സുനിൽ എന്നിവരു മായി അദ്ദേഹം ചർച്ച നടത്തുകയുമുണ്ടായി.



*ഫ്രഞ്ച് കോൺസിലേറ്റ് ജനറലിനോടൊപ്പം സ്പെഷ്യൽ ഓഫീസർ സി.അഭിഷേക്, കയർഫെഡ് മാനേ ജിംഗ് ഡയറക്ടർ സി.സുരേഷ്കുമാർ, ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ എന്നിവർ.*

ആലപ്പുഴ കയർ പ്രോജക്ടിലെ കയർപിരി സംഘങ്ങളും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളും അവർ സന്ദർശിച്ചു. കയറിന്റെ ഉത്പാദനവും ഭൂവസ്ത്ര ഉത്പാദനവും എങ്ങനെ എന്ന് കണ്ട് മനസിലാക്കി. കയർഭൂവസ്ത്രം പൂർണമായും പ്രകൃതി സൗഹൃദമായ രീതിയിലാണ് നിർമ്മിക്കുന്നത് എന്നും ബാലവേല ഇല്ല എന്നും മനസിലാക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം ഇപ്രകാരം ഉത്പാദന കേന്ദ്രങ്ങൾ സന്ദർശിച്ചത്. തുടർന്ന് കയർഫെഡുമായി വ്യാപാരബന്ധം ഉറപ്പിക്കുന്നതിന് ധാരണയിലെത്തി. കയർഫെഡ് ഈ വിദേശ വ്യാപാര സാധ്യത അനുകൂലമാക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമമാണ് നടത്തിയത്. 2018 നവംബർ മാസത്തിൽ കയർഫെഡിൽ എത്തി അദ്ദേഹം മടങ്ങി എങ്കിലും 8 മാസക്കാലം കഴിഞ്ഞാണ് ആദ്യ കൺസൈൻമെന്റ് ഫ്ളാഗ് ഓഫ് ചെയ്യുന്നത്.

നിരന്തരമായ തുടരന്വേഷണങ്ങൾ കയർ വികസന ഡയറക്ടറേറ്റും കയർഫെഡും സംയുക്തമായി നടത്തിയതിന്റെ പരിണിതഫലം തന്നെ ആയിരുന്നു അത്. കേരളത്തിൽ നിന്നും നാളിതുവരെ നടന്നിട്ടുള്ള കയർ ഭൂവസ്ത്ര കയറ്റുമതിയുടെ വില പരിശോധിക്കുമ്പോൾ ച. മീറ്ററിന് 25% വർദ്ധിച്ച തുകക്കാണ് ആദ്യ കണ്ടയ്നർ യൂറോപ്പിലേക്ക് യാത്ര തിരിച്ചത്. ഓരോ തവണയും ഷിപ്മെന്റിന്റെ മുഴുവൻ തുകയും മുൻകൂറായി അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നു എന്നത് ഈ വ്യാപാര നടപടിയിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ന് ഒരു കോടിയിൽ എത്തി നിൽക്കുന്നു ആ ഒറ്റ സ്ഥാപനവുമായി കയർഫെഡ് നടത്തി വരുന്ന വ്യാപാരത്തിന്റെ മൂല്യം. എന്നാൽ ഇതിനായി സർക്കാരിനുമൊത്തം ചെലവായത് മൂന്ന് ഉദ്യോഗസ്ഥരെ കൊൽക്കൊത്ത വരെ അയച്ച യാത്ര ചെലവുകളും കയർഫെഡ് സന്ദർശിച്ച ഫ്രഞ്ച് സംഘത്തിനു നൽകിയ സ്വീകരണത്തിന്റെ നാമമാത്ര ചെലവുകളുമാണ്.

ലഭിച്ച കയറ്റുമതി മൂല്യത്തിന്റെ അര ശതമാനം പോലും വരില്ല അത്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ ഇത്തരത്തിലുള്ള വിദേശ ബിസിനസ് ഡെലിഗേഷൻ വരുന്നത് സാധാരണമാണ്. എന്നാൽ അവയിൽ നിന്നെല്ലാം വ്യത്യസ്തമായി ഗവേഷണ മേഖല ഉൾപ്പെടെ പത്തു മേഖലകളിൽ വൈദഗ്ധ്യം ഉള്ളവർ അടങ്ങിയ ഒരു സംഘമാണ് കൊൽക്കത്തയിൽ എത്തിയത്. അത്തരമൊരു സെമിനാറിൽ പങ്കെടുക്കുവാനുള്ള അവസരം പ്രയോജനപ്പെടുത്തുക വഴി വളരെ കുറഞ്ഞ മുതൽ മുടക്കിൽ ഒരു വലിയ വിദേശ വ്യാപാര ബന്ധം കയർഫെഡിന് നേടിയെടുക്കുവാൻ സാധിച്ചു. ലക്ഷക്കണക്കിന് രൂപ മുടക്കി വിദേശരാജ്യങ്ങളിലെ വ്യാപാര മേളകളിൽ കേരളം സംബന്ധിക്കുകയും അതുപോലെതന്നെ വിദേശ വ്യാപാരികളെ നമ്മുടെ നാട്ടിലേക്ക് ക്ഷണിച്ചു കൊണ്ടു വരികയും ചെയ്യാറുണ്ട്. അത്തരം നടപടികൾ നാം ഇനിയും തുടരേണ്ടത് തന്നെയാണ്. എന്നാൽ നമ്മുടെ രാജ്യത്ത് ഇത്തരത്തിലുള്ള അവസരങ്ങൾ ലഭ്യമാകുമ്പോൾ അവയും വേണ്ട വിധം വിനിയോഗിക്കപ്പെടുന്നതിന് നാം കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടത് അനിവാര്യം ആണെന്ന് ഈ അനുഭവം പഠിപ്പിക്കുന്നു.




*ഫ്രാൻസ് ബിസിനസ് മേധാവിയോടൊപ്പം ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, സ്പെഷ്യൽ ഓഫീസർ സി.അഭിഷേക് എന്നിവർ*



*ഫ്രഞ്ച് ഹൈ കമ്മീഷണർ ഏഷ്യാ- പെസഫിക് റീജിയനോടൊപ്പം കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി.സുരേഷ് കുമാർ, സ്പെഷ്യൽ ഓഫീസർ സി.അഭിഷേക് എന്നിവർ.*

ഒരു കോടി രൂപയുടെ കയറ്റുമതി വരുമാനം കയർഫെഡിന് ഇതിലൂടെ നേടാനായി എന്നത് എടുത്ത് പറയേണ്ട നേട്ടമാണ്. കൊൽക്കൊത്തയിൽ നടന്ന ഇന്തോ ഫ്രഞ്ച് സെമിനാറിൽ പങ്കെടുത്ത 10 വിഭാഗത്തിലെ പ്രതിനിധികളുമായി സെമിനാറിന്റെ ഇടവേളകളിൽ ആശയ വിനിമയം നടത്താനായി. കയർ കംപോസിറ്റ് ബോർഡുകൾ അവർക്ക് താത്പര്യമുള്ള ഒരു ഇനമായിരുന്നു.

പ്രതിമാസം 5 ലക്ഷം ചതുരശ്ര മൈൽ കയർ ഭൂവസ്ത്രമാണ് വിവിധ പ്രോജക്ടുകളിൽ കയർഫെഡുമായി വ്യാപാര ബന്ധം സ്ഥാപിച്ച കമ്പനി ലോകത്തിന്റെ പല ഭാഗത്തും വിനിയോഗിക്കുന്നത്. ഭൂവസ്ത്രം വിതാനിക്കുന്നതിന്റെ സാങ്കേതികവൈദഗ്ധ്യത്തിൽ നമ്മെക്കാളും ബഹുദൂരം മുന്നിലാണ് അവർ. അറിവ് മനുഷ്യനിൽ വിനയം നിറയ്ക്കുന്നത് അനുഭവിച്ചറിയുകയായിരുന്നു ആ ഫ്രഞ്ചുകാരനുമായി നടത്തിയ ആശയ വിനിയത്തിലുടനീളം.

ഒരു അഗ്രോണമിസ്റ്റായ അദ്ദേഹത്തിന് മണ്ണിന്റെ ഘടനയെ കുറിച്ച് ആഴത്തിലുള്ള അറിവുണ്ട്. ഫ്രഞ്ചുകാർ ഇംഗ്ലീഷിനെ അത്ര മാനിക്കുന്നില്ല. അതിനാൽ ഭാഷയുടെ പരിമിതി ഉണ്ടായിരുന്നു എങ്കിലും തികച്ചും അർത്ഥപൂർണ്ണമായിരുന്നു ആ ചർച്ചകൾ. ഇന്ന് മെഡിറ്ററേനിയൻ കടലിന്റെ തീരം സംരക്ഷിക്കുന്നത് കിഴക്കിന്റെ വെനീസ് ആയ ആലപ്പുഴയിലെ തൊഴിലാളികൾ പിരിച്ച കയർ കൊണ്ട് അവിടുത്തെ തറികളിൽ നെയ്ത കയർഭൂവസ്ത്രമാണ്. അതിന്റെ ചിത്രം അദ്ദേഹം അയച്ചു തന്നതാണ് ഇവിടെ ചേർത്തിട്ടുള്ളത്. നീണ്ട കടൽ തീരമുള്ള കേരളത്തിന് ഏറെ പഠിക്കാനുണ്ട് ഇദ്ദേഹത്തിൽ നിന്ന് എന്ന് ഉറപ്പിച്ച് പറയാം.

നമ്മുടെ ഗവേഷണ സ്ഥാപനങ്ങൾ ഇത്തരം വിദഗ്ധരുമായി ചേർന്ന് നൂതന ആശയങ്ങൾ സ്വാംശീകരിക്കുന്നതിലാണ് കയർ വ്യവസായത്തിന്റെ ഭാവി നിലകൊള്ളുന്നത്. കയർ വികസന ഡയറക്ടർ ആയിരുന്ന ഇപ്പോഴത്തെ കയർ സ്പെഷ്യൽ സെക്രട്ടറി എൻ പത്മകുമാർ ഐ.എ.എസ്, നല്ല നിലക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകിയിരുന്ന അഡീഷണൽ ഡയറക്ടർ ആയിരുന്ന ബി.രമേഷ് കയർ മേഖലക്ക് വേണ്ടി താത്പര്യത്തോടെ പ്രവർത്തിക്കുന്ന ഇപ്പോഴത്തെ കയർ വികസന ഡയറക്ടർ ഇൻ ചാർജ് കെ.എസ്.പദീപ്കുമാർ എന്നിവരുടെ പിൻതുണയാണ് ഞങ്ങളുടെ പ്രവർത്തനങ്ങളെ സഫലമാക്കിയതും മുന്നോട്ട് നയിക്കുന്നതും. ഫ്രഞ്ച് എംബസിയിലെ അംബിക, ശോബിത്. കുമാരി. സാവി ഇവരോടുള്ള കടപ്പാടും നന്ദിയും ഒരിക്കൽ കൂടി രേഖപ്പെടുത്തട്ടെ.

കയർ ഭൂവസ്ത്രം തുറന്നുതരുന്ന അനന്തസാധ്യതകൾ നമുക്ക് കൂടുതൽ പ്രയോജനപ്പെടുത്താനാകണം. പ്രകൃതി സൗഹൃദമായ കൃഷിരീതികൾ മുതൽ ഉത്പന്ന നിർമ്മാണം വരെ കേരളത്തിനു ' അന്തർദേശീയ വിപണിയിൽ അവസരങ്ങളുടെ കലവറ തുറന്നുതരുമെന്നതിൽ സംശയം വേണ്ട.

ഏറെ പ്രാധാന്യത്തോടെ ഇവിടെ സൂചിപ്പിക്കേണ്ട ഒരു വസ്തുത ഇപ്രകാരമുള്ള നടപടികളുമായി മുന്നോട്ടു പോകാൻ സർക്കാർ വകുപ്പിനേയും കയർ പൊതു മേഖലാ സ്ഥാപനങ്ങളേയും പരിവർത്തനം ചെയ്യിപ്പിച്ച മന്ത്രി ഡോ. ടി.എം. തോമസ് ഐസക് എന്ന മാർഗദർശിയും അദ്ദേഹത്തിന്റെ ഓഫീസുമാണ്. കയർ വികസന വകുപ്പിന് കയർഭൂവസ്ത്രം വിതാനിക്കുന്നതിന്റെ സാങ്കേതികവിദ്യ കരഗതം ആയിരുന്നെങ്കിലും അതിന്റെ ആഭ്യന്തര വിപണി കണ്ടെത്തുന്നതിന് കഴിഞ്ഞിരുന്നില്ല എന്നുള്ളതാണ് സത്യം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി കയർഭൂവസ്ത്രം പദ്ധതിയെ സംയോജിപ്പിക്കുക വഴി കഴിഞ്ഞ നാലു വർഷക്കാലം കൊണ്ട് 100 കോടി രൂപയുടെ കയർഭൂവസ്ത്രം കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്




*യൂറോപ്പിലേക്ക് കയർ ഭൂവസ്ത്രവുമായി പുറപ്പെട്ട കണ്ടയ്നർ ലോറി കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായി കുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു. മാനേജിംഗ് ഡയറക്ടർ സി.സുരേഷ്കുമാർ, വൈസ് പ്രസിഡന്റ് ജോഷി എബ്ര ഹാം, ജനറൽ മാനേജർ ബി.സുനിൽ എന്നിവർ സമീപം*

വിപണനം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് കയർഭൂവസ്ത്രം പദ്ധതി എങ്ങനെ നടപ്പാക്കാമെന്ന് കേരളത്തിന് കാണിച്ചുതന്നത് മന്ത്രി ഡോ.തോമസ് ഐസക്കാണ്.

കൃഷി, തദ്ദേശസ്വയംഭരണം,പൊതുമരാമത്ത്, നാഷണൽ ഹൈവേ, തുടങ്ങി വിവിധ വകുപ്പുകളിൽ നടപ്പിലാക്കുന്ന കൃഷി, മണ്ണ് ജലസംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം ഇവയിലെല്ലാം കയർഭൂവസ്ത്രത്തിന്റെ വിനിയോഗം സാധ്യമാക്കിയത് അദ്ദേഹം കയർ വകുപ്പിന്റെ ചുമതല ഏറ്റശേഷമാണ്. കയർ രണ്ടാം പുനസംഘടനയുമായി ബന്ധപ്പെട്ടു കഴിഞ്ഞ നാലര വർഷമായി അദ്ദേഹം നിരവധി യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ട്. അവിടെ നടത്തിയ ആശയസംവാദങ്ങൾ തന്നെയാണ് ഞങ്ങളിൽ ഇത്തരം പ്രവർത്തനക്കൾക്ക് പ്രചോദനം നൽകിയത് എന്ന് നിസംശയം പറയാം. എല്ലാ അഭിപ്രായങ്ങളും മാനിക്കുകയും ക്ഷമയോടെ കേൾക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ കഴിവ് അനുകരണീയ മാതൃകയാണ്. ചകിരി ചോറിന്റെ സാധ്യതകൾ വെളിവാക്കിതന്നത് 'ചകിരി ഉത്പാദനത്തിൽ സ്വാശ്രയത്വം 'എന്ന കയർ രണ്ടാം പുനസംഘടനയിലെ പ്രധാന ഘടകം യഥാർത്ഥ്യമാക്കുന്നതിന് ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് മുന്നോട്ട് പോയപ്പോൾ അദ്ദേഹം നടത്തിയ ചർച്ചകളാണ്. ഉയർന്നഇലക്ട്രിക്കൽ കണ്ടക്ടിവിറ്റിയുടെ പേരിൽ മലയാളിയെ കബളിപ്പിച്ച് 50 നയാ പൈസക്ക് പൊള്ളാച്ചിക്ക് കടത്തികൊണ്ടിരുന്ന ചകിരി ചോറിന് മൂല്യമുണ്ടെന്ന് ഇന്നു നാം തിരിച്ചറിഞ്ഞു. ഇതിന്റെ പിന്നിലെ ചാലക ശക്തി മന്ത്രി തന്നെ ആയിരുന്നു. ഇങ്ങനെ മനസിൽ കത്തിപടർന്ന തീയാണ് കൊൽക്കത്ത യാത്രക്ക് പ്രേരണ ആയത്.

വിവരങ്ങൾ അറിഞ്ഞ ഉടൻ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെകട്ടറി എം ഗോപകുമാർ ചുരുങ്ങിയ സമയത്തിനുള്ളിൽ കൊൽക്കത്ത യാത്രക്കുള്ള അനുമതികൾ ലഭ്യമാക്കി. കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ, മാനേജിംഗ് ഡയറക്ടർ സി.സുരേഷ് കുമാർ, ഭരണസമിതി അംഗങ്ങൾ തുടങ്ങിയവർ കയർഫെഡിന് ലഭ്യമായ ഈ വിദേശ വ്യാപാരം പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി തികഞ്ഞ ആത്മാർത്ഥതയോടെ പരിശ്രമിച്ചു. പ്രായോഗികതലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ചുക്കാൻ പിടിച്ചത് ഏറ്റവും പരിചയസമ്പന്നനായ ജനറൽ മാനേജർ ബി സുനിലിന്റെ സേവനമാണ്. അദ്ദേഹത്തിന്റെ ടീമംഗങ്ങൾ ആയിരുന്ന കൈരളി കുമാർ, അനിൽ, ശ്രീവർദ്ധൻ, അനുരാജ് തുടങ്ങിയവർ ഒന്നിച്ച് പ്രവർത്തിച്ചപ്പോഴാണ് കയർഫെഡിന് ഒരു വിദേശ വ്യാപാര കരാർ യാഥാർത്ഥ്യമായത്.



*കയർഫെഡ് നൽകിയ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന മെഡിറ്ററേനിയൻ അഴിമുഖം*

# ഡോ. തോമസ് ഐസക് എന്ന ബഹുമുഖ വ്യക്തിത്വം



പി. ജ്യോതിസ്, ആലപ്പുഴ

കേരള ശാസ്ത്ര സാഹിത്യ പരിഷത്തു സംഘടിപ്പിച്ച ഒരു പ്രസംഗവേദിയിൽ വെച്ചാണ് ഞാൻ ഡോ.ടി.എം. തോമസ് ഐസക്കിനെ കാണുന്നത്. തികച്ചും ലളിതവും ശാസ്ത്രബോധമുള്ളതുമായ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രസംഗം. ശാസ്ത്ര സാഹിത്യ പരിഷത്തിലെ ഒരു സാധാരണ പ്രവർത്തകൻ മാത്രമായ എനിക്ക് അദ്ദേഹത്തിന്റെ വിഷയാവതരണത്തിൽ പ്രത്യേക അനുഭൂതി ഉണ്ടായി. പിന്നീട് ഞങ്ങൾ തമ്മിൽ പരിചയപ്പെടുന്നതു വിവിധ രാഷ്ട്രീയ ചർച്ചാവേളകളിലാണ്. അദ്ദേഹം 2006 മുതൽ പുതിയ ആലപ്പുഴ അസംബ്ലി നിയോജക മണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിക്കുമ്പോൾ ഞാൻ ഇലക്ഷൻ കമ്മിറ്റി പ്രസിഡന്റായിരുന്നു. ആ തെരഞ്ഞെടുപ്പു കൺവെൻഷനിൽ ഞാൻ അദ്ധ്യക്ഷനായിരുന്നു. അന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി വിജയൻ ആയിരുന്നു ഉദ്ഘാടകൻ. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരികയാണെങ്കിൽ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചു പിണറായി വിജയനും, ഡോ.ടി.എം.തോമസ് ഐസക്കും നടത്തിയ പ്രസംഗങ്ങൾ സദസ്യരെ ആവേശ പുളകിതരാക്കി. ആ തെരഞ്ഞെടുപ്പിൽ അദ്ദേഹം ജയിക്കുകയും കേരള മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയാകുകയും ചെയ്തു. കേരളം കണ്ട പ്രഗത്ഭരായ ധനമന്ത്രിമാർ സി.അച്ചുതമേനോൻ, ആർ.ശങ്കർ, വിശ്വനാഥമേനോൻ, കെ.എം.മാണി എന്നിവരായിരുന്നു. കേരളത്തിലെ ധനകാര്യമന്ത്രിമാരിൽ അച്ചുതമേനോൻ മാത്രമേ മിച്ച ബജറ്റ് അവതരിപ്പിച്ചിട്ടുള്ളൂ. കേരളത്തിന്റെ ധനസമാഹരണം, വർദ്ധിച്ചുകൊണ്ടിരുന്ന ഭരണച്ചെലവുകളുമായി പൊരുത്തപ്പെടാത്തതിനാൽ മിക്ക ധനമന്ത്രിമാർക്കും കമ്മി ബജറ്റുകൾ മാത്രമേ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ വികസന പ്രശ്നങ്ങൾക്കു പണം ഒരു പ്രശ്നമല്ലായെന്ന കാഴ്ചപ്പാടിൽ പുത്തൻ വികസനപാതയൊരുക്കി ഡോ.തോമസ് ഐസക് നടപ്പിലാക്കിയ ധനകാര്യ പദ്ധതിയാണ് ''കിഫ്ബി''. ഡോ.തോമസ് ഐസക് സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ വ്യക്തിയെന്നതിലുപരി അദ്ദേഹം കയർ വ്യവസായ രംഗത്തെ പ്രഗത്ഭമതി കൂടിയാണ്. ധനകാര്യ ചിന്തകകളിലും ധനസമാഹരണത്തിലും ധനകാര്യ വിതരണത്തിലും അദ്ദേഹത്തെപ്പോലെ പ്രഗത്ഭമതികൾ വേറെ കാണുകയില്ല. കേരളത്തിനു പുത്തൻ വികസനപാത വെട്ടിത്തുറക്കുവാനും അതിനായി ധനസമാഹരണം നടത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരൻ കേവലം ഒരു രാഷ്ട്രീയ പ്രവർത്തകൻ മാത്രമാകരുതെന്ന് ഡോ.തോമസ് ഐസക്കിന്റെ പ്രവർത്തന മേഖലകൾ ബോധ്യപ്പെടുത്തുന്നു. സാന്ത്വന പരിചരണം, വിദ്യാഭ്യാസ നവീകരണം, കാർഷിക രംഗ വികസനം, പരിസ്ഥിതി സംരക്ഷണം, സാക്ഷരതാ പ്രവർത്തനങ്ങളും ഗ്രന്ഥശാലാ പ്രവർത്തനങ്ങളും, പൈതൃക സംരക്ഷണം, കലാ-സാംസ്കാരിക പ്രോത്സാഹനങ്ങൾ എന്നിവ അദ്ദേഹത്തിന്റെ വ്യക്തിത്വ വിശേഷതകളിൽപ്പെടുന്നു. അവയിൽ ചില കാര്യങ്ങൾ മാത്രം താഴെ കുറിക്കുന്നു.

ആലപ്പുഴ മണ്ണഞ്ചേരിയിൽ രണ്ട് നിരാലംബരായ കോളേജ് വിദ്യാർത്ഥിനികൾക്ക് വീട് നിർമ്മിച്ചു നൽകുവാൻ അദ്ദേഹം ഫേസ്ബുക്ക് പോസ്റ്റിലൂടെ നടത്തിയ അഭ്യർത്ഥന ഖത്തറിലുള്ള ബിനീഷും കൂട്ടുകാരും ഏറ്റെടുത്തു ആ കുട്ടികൾക്ക് വീട് വെച്ചു കൊടുത്തു. ആലപ്പുഴ പാതിരാപ്പള്ളിയിലെ സ്നേഹജാലകം പാലിയേറ്റീവ് കെയർ സെന്ററും ചെട്ടികാടിലെയും മണ്ണഞ്ചേരിയിലെയും ജനകീയ ലാബും അദ്ദേഹത്തിന്റെ ശ്രമഫലമായി രൂപപ്പെട്ടതാണ്. ആലപ്പുഴ മണ്ഡലത്തിലെ കഞ്ഞിക്കുഴി, മാരാരിക്കുളം പഞ്ചായത്തുകളിലെ ജൈവപച്ചക്കറി കൃഷി ഭൂമിയുടെ വിളനിലമാക്കി മാറ്റുവാൻ ഡോ. ഐസക്കിന്റെ നിരന്തരമായ പരിശ്രമങ്ങൾ പ്രയോജനപ്പെട്ടു. സംസ്ഥാനത്തുടനീളം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിക്കൊണ്ട് മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യവും ആവശ്യകതയിലേയ്ക്കും ജനങ്ങളെ പ്രബുദ്ധരാക്കിയതു അദ്ദേഹത്തിന്റെ കർമ്മപാടവമാണ്.

> **കയർ മേഖലയിൽ ഇന്നു സജീവവും സന്തോഷപ്രദവുമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ഡോ.ഐസക്കിന്റെ പുതിയ ചുവടു വെയ്പ്പുകൾ പ്രയോജനപ്പെട്ടിട്ടുണ്ട്.**


ആലപ്പുഴയിലെ നിർമ്മല ഭവനം - നിർമ്മല നഗരം എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ വിദ്യാർത്ഥികളെയും യുവാക്കളെയും ബഹുജനങ്ങളെയും സജീവ പങ്കാളികളാക്കി. ആലപ്പുഴയിലെ തീരദേശത്തെ കുട്ടികൾക്കുവേണ്ടി ലൈബ്രറികൾ കേന്ദ്രീകരിച്ച് ആരംഭിച്ച പ്രതിഭാതീരം പദ്ധതി വിദ്യാഭ്യാസ മേഖലയ്ക്കു ഉണർവു നൽകി. ഈ പദ്ധതിയ്ക്ക് ആവശ്യമായ ധനസമാഹരണവും കമ്പ്യൂട്ടർ സമാഹരണവും ഫേസ്ബുക്ക് അഭ്യർത്ഥനയിലൂടെ ഡോ. ടി.എം.തോമസ് ഐസക്ക് നിർവ്വഹിച്ചു. ആലപ്പുഴ മണ്ഡലത്തിലെ വിദ്യാലയങ്ങളെ ഗവൺമെന്റ് പദ്ധതിയിൽപ്പെടുത്തി ഹൈടെക്ക് വിദ്യാലയങ്ങളാക്കി മാറ്റി. കൃത്യമായ രാഷ്ട്രീയ നിലപാടുകളും വിശകലനങ്ങളും നടത്തുമ്പോൾ തന്നെ, മാനവികയിലൂന്നിയ മനുഷ്യബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിച്ചു.

കയർ വ്യവസായ വികസനത്തിനും, നവീകരണത്തിനും ഇന്ത്യാ രാജ്യത്തു അത്ഭുത മാറ്റങ്ങൾ സൃഷ്ടിച്ച മന്ത്രിയായിരുന്നു ടി.വി.തോമസ്. കയർ തൊഴിലാളികളോടൊപ്പം സഞ്ചരിച്ചു അവരുടെ ഹൃദയമിടിപ്പുകൾ മനസ്സിലാക്കിയ നേതാവായിരുന്നു ടി.വി. അങ്ങനെ അദ്ദേഹം നടപ്പിലാക്കിയതാണ് ടി.വി. പദ്ധതി എന്ന പേരിൽ അറിയപ്പെട്ട കയർ പുനഃസംഘടനാ പദ്ധതി. ടി.വി.തോമസിനുശേഷം അദ്ദേഹം കെട്ടിപ്പടുത്ത പാതകളിലൂടെ സഞ്ചരിച്ചു കയർ വ്യവസായ മേഖലയ്ക്കു പുത്തൻ ഉണർവ്വു നൽകിയ മന്ത്രിമാരാണ് ജി.സുധാകരനും, ഡോ. തോമസ് ഐസക്കും.

ഡോ. റ്റി.എം. തോമസ് ഐസക്ക് കയർ വ്യവസായ രംഗത്ത് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ചകിരി ദൗർല്ലഭ്യമാണ് കയർ വ്യവസായ രംഗത്തെ മുഖ്യപ്രശ്നം എന്ന നിലയിൽ കയർ സഹകരണ സംഘങ്ങളെ പുനർ ജീവിപ്പിക്കുവാനും അപ്പക്സ് ബോഡിയായ കയർഫെഡിനെ പുഷ്ടിപ്പെടുത്തുവാനും അദ്ദേഹം ശ്രമിച്ചു. അതിനായി എല്ലാ സഹകരണ സംഘങ്ങളിലും യന്ത്രവത്കൃത കയർപിരി യൂണിറ്റുകൾ സ്ഥാപിച്ചു. അതിനുശേഷം കയർ ഉത്പ്പന്ന നിർമ്മാണ സഹകരണ സംഘങ്ങളിൽ യന്ത്രവത്കൃത സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. കയർപിരി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ കയർഫെഡ് മുഖാന്തിരവും ഉത്പാദക സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ ഉത്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും ശേഖരിക്കുവാനും ആവശ്യമായ പ്രവർത്തന മൂലധനം യഥാസമയം നൽകുവാനും ധനകാര്യ വകുപ്പും യഥാസമയം ശ്രദ്ധപതിപ്പിക്കുന്നു.

പുതിയ കയർ ഉത്പന്നങ്ങളുടെ നിർമ്മാണത്തിലും ശ്രദ്ധ പതിപ്പിച്ചുകൊണ്ട്, വിപണന രംഗം ശക്തിപ്പെടുത്തുവാൻ അദ്ദേഹം ശ്രമിക്കുന്നു. കാർഷിക മേഖലയിൽ ജിയോ ടെക്സ്റ്റയിൽസിന്റെ വിപണനം, കോവിഡ് -19 എന്ന മഹാമാരിയുടെ വ്യാപനത്തെ പ്രതിരോധിക്കുവാൻ സാനിമാറ്റിന്റെ ഉത്പാദനവും വിപണനവും ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. ഫോം മാറ്റിംഗ്സ് (ഇൻഡ്യ) എന്ന സ്ഥാപനത്തിലൂടെ കംപോസിറ്റ് ബോർഡ് ഉപയോഗിച്ചുള്ള ഗൃഹോപകരണ ഉത്പാദനവും വിപണനവും ഗണ്യമായി വർദ്ധിപ്പിക്കുവാൻ മന്ത്രി തന്നെ മുൻകൈ നിന്നു പ്രവർത്തിക്കുന്നു. കയർ മേഖലയിൽ ഇന്നു സജീവവും സന്തോഷപ്രദവുമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ഡോ.ഐസക്കിന്റെ പുതിയ ചുവടു വെയ്പ്പുകൾ പ്രയോജനപ്പെട്ടിട്ടുണ്ട്. ദേശീയ-അന്തർദ്ദേശീയ രംഗത്തു കയർ ഉത്പന്ന വിപണനം സാധ്യമാകുന്ന അന്താരാഷ്ട്ര കയർ മേളകൾ സംഘടിപ്പിക്കുവാൻ കേരള സർക്കാർ മുൻകൈ എടുത്തിട്ടുണ്ട്.

ആലപ്പുഴയെ ഒരു പൈതൃക നഗരമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ജനസഞ്ചയത്തെ ആകർഷിക്കുന്ന സംരംഭമാണ്. കിഴക്കിന്റെ വെനീസ് എന്നറിയപ്പെട്ട ആലപ്പുഴയുടെ പഴയകാല പ്രൗഡി വീണ്ടെടുക്കുന്ന ലീവിംഗ് മ്യൂസിയം കേരളത്തിലെ മഹാ അത്ഭുതങ്ങളിൽ ഒന്നായി മാറും. ഐതിഹാസികമായ പുന്നപ്ര - വയലാർ സമരത്തെ ഓർമ്മിപ്പിക്കുന്ന പഴയകാല നേതാക്കളെയും സമരസേനാനികളെയും ഇതിലൂടെ ആദരിക്കുവാനും ചരിത്ര സ്മരണകൾ ഉണർത്തുവാനും ഡോ. തോമസ് ഐസക് നടത്തുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമാണ്.



# കയർ ഭൂവസ്ത്രത്തിന്റെ കാൽ നൂറ്റാണ്ട്



## സുശീലാ ഗോപാലൻ മുതൽ ഡോ. തോമസ് ഐസക് വരെ

**ശ്രീവർദ്ധൻ നമ്പൂതിരി**
**മാർക്കറ്റിംഗ് മാനേജർ, കയർഫെഡ്**

**ഇ**ന്ന് ലോകം നേരിടുന്ന ഏറ്റവും പ്രധാന പ്രതിസന്ധി മണ്ണിനും ജലത്തിനും വായുവിനും സംഭവിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ മലിനീകരണവും തൻമൂലമുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹ്യ പ്രശ്നങ്ങളുമാണ്. ഈ പ്രതിസന്ധി മറികടക്കാൻ പ്ലാസ്റ്റിക് അടക്കമുള്ള കൃത്രിമ ഉത്പന്നങ്ങൾക്കുള്ള ബദലുകൾ കണ്ടെത്തുന്നതിനുള്ള പരക്കം പാച്ചിലിലാണ് ആധുനിക ലോകം.ഈ അന്വേഷണം സ്വാഭാവിക നാരുകളായ ചകിരി, ചണം, പരുത്തി എന്നിവയിൽ എത്തിനിൽക്കുകയാണ് ഇപ്പോൾ.

ചണം, പരുത്തി എന്നിവയോട് തൂലനം ചെയ്യുമ്പോൾ കയറിന്റെ ഈട് നിൽപ്പ് വളരെ കൂടുതലായതിനാൽ പൂർണ്ണമായും പ്രകൃതിദത്തവും പരിസ്ഥിതി സൗഹൃദവുമായ കയറിനും കയർ ഉത്പന്നങ്ങൾക്കും കാലിക പ്രസക്തിയും വിപണന സാധ്യതയും ഏറുകയാണ്. 2017 ഒക്ടോബറിലും 2019 ഡിസംബറിലും ആലപ്പുഴയിൽ നടന്ന കയർ കേരളയിലൂടെ കയറിന്റെ വിപണനം പുനരുജീവിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് അവിതർക്കിതമായ സംഗതിയാണ്.2010-11 മുതൽ 2015- 16 കാലഘട്ടം വരെ വാങ്ങലിൽ 50% വർദ്ധനവും, വിൽപ്പനയിൽ 80% വർദ്ധനവും ഉണ്ടായപ്പോൾ 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ വാങ്ങലിൽ 112.60% വർദ്ധനവും വിൽപ്പനയിൽ 126.25% വർദ്ധനവും നേടുവാൻ കേരളത്തിലെ കയർ വ്യവസായത്തിന് കഴിഞ്ഞത് ഇതിന്റെ ഭാഗമായാണ്. ധനകാര്യ കയർ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ കയർ വികസന ഡയറക്ട്രേറ്റിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തുകളുമായി ചേർന്ന് കയർ വികസന വകുപ്പ് നടപ്പിലാക്കിയ കയർ ഭൂവസ്ത്ര വ്യാപനത്തിലൂടെയാണ് ഇത് സാധ്യമായത്.

കയർ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുമായി ചേർന്ന് നടപ്പിലാക്കിവരുന്ന ജന പങ്കാളിത്ത വികസന പദ്ധതിയായ കയർ ഭൂവസ്ത്ര വികസനത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളുടെ ചുമതലയാണ് കയർഫെഡിന് നൽകിയിട്ടുള്ളത്. 2017 ഒക്ടോബർ മുതൽ 2020 ഒക്ടോബർ വരെ കയർഫെഡ് പതിമൂന്നു കോടിയിൽപ്പരം രൂപയുടെ ഇരുപതു ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം ഈ നാല് ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു സഹായ സഹകരണങ്ങൾ നൽകിയ ഈ ജില്ലകളിലെ കയർ പ്രോജക്ട് ആഫീസർമാരുടെയും ജെ.പി.സി മാരുടെയും പങ്ക് എടുത്തു പറയേണ്ടതാണ്.



*മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ കയർഭൂവസ്ത്രം വിരിക്കുന്ന പദ്ധതി പ്രദേശം അന്നത്തെ കയർഫെഡ് പ്രസിഡന്റ് എസ്.ബാഹുലേയൻ, മാനേജിംഗ് ഡയറക്ടർ ഡോ.എം.ബാലഗോപാലൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.വിജയകുമാർ എന്നിവർ സന്ദർശിച്ചപ്പോൾ.*



*അഴൂർ പെരുങ്ങുഴി തണ്ണീർക്കോണം പാടശേഖരത്ത് സംഘടിപ്പിച്ച കയർ ഭൂവസ്ത്രവിതാനം ജില്ലാതല ഉദ്ഘാടനം ഡപ്യൂട്ടി സ്പീക്കർ വി.ശശി നിർവ്വഹിക്കുന്നു. അഡ്വ.വി.ജോയി.എം.എൽ.എ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ.സായികുമാർ എന്നിവർ സമീപം.*

കയർ ഭൂവസ്ത്ര പദ്ധതിയുടെ അനന്തസാധ്യതകൾ പതിറ്റാണ്ടുകൾക്കു മുമ്പ് തന്നെ കയർഫെഡ് തിരിച്ചറിയുകയും ആയതിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിനുള്ള ആദ്യശ്രമം നടക്കുന്നത് 1996 ലെ ഇ.കെ.നായനാർ മന്ത്രിസഭയുടെ കാലത്താണ്. അന്ന് കയർ വകുപ്പിന്റെ ചുമതല വ്യവസായ മന്ത്രി സുശീലാ ഗോപാലനായിരുന്നു. ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റും ജെ.രവീന്ദ്രൻ മാനേജിംഗ് ഡയറക്ടറുമായിരുന്ന അക്കാലത്താണ് 500 മീറ്റർ നീളത്തിൽ കയർഫെഡ് ഹെഡാഫീസിന് മുൻവശത്തുള്ള കനാൽ ചരിവ് സംരക്ഷിക്കുന്നതിന് കയർ ഭൂവസ്ത്രം വിതാനിച്ച് മാതൃകാ പദ്ധതി നടപ്പാക്കിയത്.ഭൂവസ്ത്രവുമായി ബന്ധപ്പെട്ട് കയർഫെഡ് ചെയ്ത ആദ്യ സംരംഭവും ഇതായിരുന്നു.

തുടർന്ന് വിവിധ തലങ്ങളിൽ കയർ ഭൂവസ്ത്രം വിപണനത്തിനുള്ള വഴികൾ കയർഫെഡ് തേടിയിരുന്നു. 2006 ൽ കയർ ഭൂവസ്ത്ര രംഗത്തെ വിദഗ്ധനായ ഡോ.കെ.ആർ.അനിൽ കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറായി എത്തിയശേഷം കയർഫെഡ് വൻതോതിൽ കയർ ഭൂവസ്ത്ര രംഗത്ത് ശ്രദ്ധകേന്ദ്രീകരിച്ചു. ഈ കാലഘട്ടത്തിലാണ് ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്ര വിപണനം നടത്തുന്നപക്ഷം കേരളത്തിലെ ഗ്രാമീണ മേഖലയിലും കയർ മേഖലയിലും ഉണ്ടാകാവുന്ന വമ്പിച്ച സാധ്യതകൾ കണ്ടെത്തുകയും അതു സംബന്ധിച്ച് കയർഫെഡ് പ്രതിനിധികളും മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ അന്നത്തെ പ്രസിഡന്റായിരുന്ന കെ.വിജയകുമാറുമായി ചർച്ച നടത്തുകയും ചെയ്തത്. ഇതിൽ കെ.വിജയകുമാറും അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും വലിയ താത്പര്യമെടുക്കുകയും ചെയ്തിരുന്നു. എസ്.ബാഹുലേയൻ പ്രസിഡന്റായുള്ള കയർഫെഡ് ഭരണസമിതി സ്വന്തം ചെലവിൽ ഒരു പൈലറ്റ് പദ്ധതി മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുകയും അത് മാതൃകയാക്കിക്കൊണ്ട് മെറ്റീരിയൽ, ലേബർ റേഷ്യോ നിലനിർത്തിക്കൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രോജക്ടുകൾ നടത്തിപ്പിന് അനുമതി നേടിയെടുക്കുകയും ചെയ്തു.

ഇത്തരത്തിൽ അനുമതി ലഭ്യമാക്കുന്നതിനും ഈ പദ്ധതി വമ്പിച്ച വിജയമാക്കുന്നതിനും അന്നത്തെ കയർ സഹകരണ വകുപ്പ് മന്ത്രി ജി.സുധാകരൻ സ്വീകരിച്ച നടപടികൾ എടുത്ത് പറയേണ്ടതാണ്. മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ തോടുകളും കുളങ്ങളും പൂർണ്ണമായും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് സാധിച്ചു. ഇതിനുള്ള അംഗീകാരമായി മുതുകുളം ബ്ലോക്ക് പഞ്ചായത്തിനെ കേരളത്തിലെ പ്രഥമ കയർ ഭൂവസ്ത്ര ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ പുരസ്കാരം നൽകി ആദരിക്കുകയുണ്ടായി. ഈ ചടങ്ങിനോടൊപ്പം മറ്റു പഞ്ചായത്തുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കയർ ഭൂവസ്ത്ര സെമിനാറും നടത്തുകയുണ്ടായി. ഈ സെമിനാറിലൂടെയാണ് മറ്റ് പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതിയ്ക്ക് തുടക്കമായത്.



*കയർ ഭൂവസ്ത്രം വിതാനിച്ചതിനുശേഷം മണ്ണൊലിപ്പ് തടയുന്നതിനായി പുല്ല് വച്ച്പിടിപ്പിക്കുന്നു*

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ പഞ്ചായത്തിൽ 2018–19 വർഷത്തിൽ 1,17,800 സ്ക്വയർ മീറ്ററും തിരുവനന്തപുരം ജില്ലയിൽ 2019–20 വർഷത്തിൽ പോത്തൻകോട് പഞ്ചായത്തിൽ 92,000 സ്ക്വയർ മീറ്ററും കയർ ഭൂവസ്ത്രം വിതാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിവിധ പഞ്ചായത്തുകളിൽ തോടുകൾ, കുളങ്ങൾ, റെയിൽവേ ട്രാക്കിന്റെ ചരിവുകൾ തുടങ്ങയ നിരവധി പദ്ധതികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. വിതരണം കൂടാതെ പഞ്ചായത്തുകൾക്കു വേണ്ട സാങ്കേതിക സഹായവും കയർഫെഡ് നൽകി വരുന്നു. ഓരോ ജില്ലയിലും ഈ പദ്ധതി മേൽനോട്ടം വഹിക്കുന്നതിന് ഫീൽഡ് വിസിറ്റ് നടത്തി വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിനുവേണ്ടി പ്രത്യേകം ജീവനക്കാരെ നിയോഗിച്ചാണ് കയർഫെഡ് ഈ ജോലികൾ ചെയ്തു വരുന്നത്. അവരുടെ സേവനവും മികവുറ്റതാണ്. ഇതിനുപുറമേ കേരളത്തിലെ വിവിധ ജില്ലകളിലെ പഞ്ചായത്ത് എഞ്ചിനിയർമാർ, ഓവർസിയർ എന്നിവർക്ക് കയർ ഭൂവസ്ത്ര വിതാനത്തിൽ പരിശീലനം നൽകുവാൻ കയർഫെഡും എൻ.സി.ആർ.എം.ഐ -യും സഹകരിച്ച് ഒരു ജിയോ ടെക്സ്റ്റയിൽസ് സ്കൂളും ആലപ്പുഴയിൽ നടത്തിവരുന്നു.

പ്രകൃതിയുടെ വരദാനമായ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ കേരളം പാരിസ്ഥിതിക പ്രശ്നങ്ങളും പ്രകൃതി ദുരന്തങ്ങളും മൂലമുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന ഈ കാലഘട്ടത്തിൽ മണ്ണ് സംരക്ഷണവും ജല സ്രോതസ്സുകളുടെ സംരക്ഷണവും നമുക്ക് വളരെ പ്രാധാന്യമുള്ളതാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ത്രിതല പഞ്ചായത്ത് സംവിധാനവും കയർ വികസന വകുപ്പും കൈകോർത്ത് പിടിച്ചുകൊണ്ട് കേരളത്തിലെ മ്പാടുമുള്ള ഗ്രാമീണ മേഖലയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ചരിവുള്ള ഭൂമിയുടെ സംരക്ഷണം, ജല സ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനുള്ള ആശയം മുന്നോട്ടുവെച്ചത് ആദരണീയനായ ധനകാര്യ കയർ വകുപ്പു മന്ത്രി ഡോ.റ്റി.എം.തോമസ് ഐസക്കാണെന്നു എടുത്തുപറയേണ്ട വസ്തുതയാണ്.

കേരളത്തിന്റെ തീരദേശ മേഖലയുടെ സാമൂഹിക സാമ്പത്തിക മുന്നേറ്റത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന കയർ വ്യവസായം ഇന്ന് രണ്ടാം കയർ പുനഃസംഘടനയിലൂടെയുള്ള വളർച്ചയുടെ കാലഘട്ടത്തിലൂടെ കടന്ന് പൊയിക്കൊണ്ടിരിക്കുകയാണ്. കേരള ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.റ്റി.എം.തോമസ് ഐസക്ക് അവർകളുടെ നേതൃത്വത്തിൽ കയർ വികസന വകുപ്പും ഈ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ നേതൃത്വം നൽകുകയും കയർ പ്രോജക്ട് ആഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഇതിന്റെ പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടലുകളുടെ ഗുണഫലം കയർ വ്യവസായത്തിൽ ഉത്പാദനം, സംഭരണം, വിപണനം എന്നീ മേഖലയിലുണ്ടായ വമ്പിച്ച വർദ്ധനവിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

കയർ ഭൂവസ്ത്ര വ്യാപനത്തിലൂടെ കയർ ഉത്പാദനത്തിന്റെയും വിപണത്തിന്റെയും വിവിധതലങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കുവാനും വലിയ മാറ്റങ്ങൾ ഉണ്ടാക്കുവാനും കയർ വികസന വകുപ്പിനു കഴിഞ്ഞു. തൊണ്ട് സംഭരിക്കുന്നതിലൂടെ നാളികേര കർഷകന് അതിന്റെ വില ലഭിക്കുന്നു. തൊണ്ട് ചകിരിയാക്കുന്നതിലൂടെ തൊഴിലാളികൾക്ക് കൂലിയും സംരംഭകന് ലാഭവും ലഭിക്കുന്നു. ചകിരി പിരിച്ച കയർ ഉണ്ടാക്കുന്ന പ്രക്രിയയിൽ കയർ പിരി തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നു.

മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ കയർ ഉപയോഗിച്ച് ഭൂവസ്ത്രം നിർമ്മിക്കുന്നതിലൂടെ തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നു. അതിനുശേഷം ഇത് വിതാനിക്കുന്ന ഘട്ടത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ എണ്ണമറ്റ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഇങ്ങനെ സാമൂഹികം, സാമ്പത്തികം, പ്രകൃതി സംരക്ഷണം എന്നീ മേഖലകളിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ പ്രാപ്തിയുള്ള പ്രകൃതിയുടെ ഒരു വരദാനമാണ് കേരളത്തിന്റെ സുവർണ്ണനാരായ കയർ.



*തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് പഞ്ചായത്തിൽ തണ്ണീർതടസംരക്ഷണത്തിനായി കയർ ഭൂവസ്ത്രം പാകിയിരിക്കുന്നു.*

# കയറ്റുമതിയിലേക്ക് കാൽവെക്കാൻ ചെറുവാരണം കയർസംഘം




**സംഘം നാല് സെമി ഓട്ടോമാറ്റിക് ലൂമുകൾ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേയാണ് 10 ഓട്ടോമാറ്റിക് ലൂമുകൾകൂടിവരുന്നത്. ഇതോടെ നേരിട്ടുള്ള കയറ്റുമതിയിലേയ്ക്ക് കാൽവയ്ക്കാൻ സംഘത്തിനു ശേഷി കൈവരും.**

**ആ**ലപ്പുഴയിലെ ആദ്യത്തെ യന്ത്രവത്കൃത കയർ നെയ്ത്ത് സഹകരണ സംഘത്തിന്റെ നിർമ്മാണം അതിവേഗത്തിൽ നടക്കുകയാണ്. കഞ്ഞിക്കുഴി പഞ്ചായത്തിലെ ചെറുവാരണം കയർ മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റിക്കാണ് ഈ സ്ഥാനം ലഭിക്കാൻ പോകുന്നത്. കയർ ഉത്പാദന മേഖലയിലെ ഈ യന്ത്രവത്കൃത ഫാക്ടറി ജനുവരി 1 ന് മുഖ്യമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാനാകുമെന്നാണ് വിശ്വാസം.

ഇപ്പോൾ ഈ സംഘത്തിൽ 37 കൈത്തറികളാണുള്ളത്. ആകെ 140 തൊഴിലാളികളും. തുടർച്ചയായ ലാഭം കൈവരിക്കുന്ന സംഘമാണ്. പരമ്പരാഗത കയറ്റുപായയാണ് ഇവിടെ നെയ്തുകൊണ്ടിരുന്നത്. എന്നാൽ പണി കുറവ്. ചില മാസങ്ങളിൽ ഓർഡറേ ഇല്ല. അങ്ങനെയാണ് ഹാന്റ്സ്പൺ ചണം കൊണ്ടുള്ള പായകൾ നെയ്യാൻ തുടങ്ങിയത്. ഇതിന് ചില കയറ്റുമതിക്കാരിൽ നിന്ന് സബ്കോൺട്രാക്ട് കിട്ടി. അപ്പോഴാണ് പുതിയൊരു അവസരം തുറന്നുകിട്ടിയത്. ചണത്തിന്റെ ഹാന്റ്സ് പൺയാൺ നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയാണ് വാങ്ങുന്നത്. 10 ശതമാനം സബ്സിഡിയുണ്ട്. സബ്സിഡി വിതരണത്തിൽ വലിയ അഴിമതി കണ്ടുപിടിച്ചതിനെ തുടർന്ന് സബ്സിഡി സഹകരണ സംഘങ്ങൾക്കു മാത്രമായി ചുരുക്കി. ഇതോടെ ആലപ്പുഴയിലെ സ്വകാര്യ കയറ്റുമതിക്കാരിൽ പലരും ചെറുവാരണം സംഘത്തെ ആശ്രയിക്കാൻ തുടങ്ങി. ഇപ്പോൾ സംഘത്തിലെ 70 ശതമാനം ഉത്പ്പാദനവും ചണത്തിലേതാണ്. ഇത്തരത്തിൽ ഉയർന്നുവരുന്ന അവസരങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള സാമർത്ഥ്യമാണ് ഈ സംഘത്തെ ആദ്യത്തെ യന്ത്രവത്കൃത ഫാക്ടറിയായി തെരഞ്ഞെടുക്കുന്നതിനു പ്രേരിപ്പിച്ചത്. സെക്രട്ടറി ദിലീപ് സമർത്ഥനായ സംരംഭകനാണെന്നു തെളിയിച്ചു. സംഘം നാല് സെമി ഓട്ടോമാറ്റിക് ലൂമുകൾ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേയാണ് 10 ഓട്ടോമാറ്റിക് ലൂമുകൾകൂടി വരുന്നത്. ഇതോടെ നേരിട്ടുള്ള കയറ്റുമതിയിലേയ്ക്ക് കാൽവയ്ക്കാൻ സംഘത്തിനുശേഷി കൈവരും.

ഞാൻ ഫാക്ടറി സന്ദർശിക്കാൻ പോയതായിരുന്നു. പ്രസിഡന്റ് ചെല്ലപ്പൻ സഖാവും യന്ത്രനിർമ്മാതാവ് അരുണും കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഊരാളുങ്കലിന്റെ പ്രതിനിധികളും സ്ഥലത്ത് എത്തിയിരുന്നു. ഈ യന്ത്രവത്ക്കരണം നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആലപ്പുഴയിലെ കയർ നെയ്ത്ത് വ്യവസായത്തിൽ അടിസ്ഥാനപരമായ ഒരു മാറ്റം കൊണ്ടുവരാൻ പോവുകയാണ്. പീസ് റേറ്റിൽ നിന്ന് മാസശമ്പളത്തിലേക്ക് വേതനവ്യവസ്ഥ മാറും.



**ധന കയർ മന്ത്രി ഡോ. തോമസ് ഐസക്കിന്റെ ഫേസ്ബുക്ക് പോസ്റ്റിൽ നിന്ന്**

# കോവിഡ് കാലത്തും കയർഫെഡ് മുന്നോട്ട്



# കയർ വില കുടിശികയില്ല സംഭരണത്തിലും വർദ്ധന

**ലോ**ക സമ്പദ്ഘടനയെയാകെ കോവിഡ് എന്ന മഹാമാരി പിടിച്ചുകുലുക്കുമ്പോഴും കയർസംഭരണത്തിലും സംഭരിച്ച കയറിന്റെ വില കുടിശികയില്ലാതെ പൂർണമായും വിതരണം ചെയ്യുന്നതിലും വിട്ടുവീഴ്ചയില്ലാതെ കയർഫെഡ് മുന്നോട്ട്.

എൽ.ഡി.എഫ് സർക്കാർ അധികാരമേൽക്കുമ്പോൾ 2015-16 ൽ 77,000 ക്വിന്റലായിരുന്നു കയർ സംഭരണം. 2016-17ൽ ഒരു ലക്ഷം ക്വിന്റലായും, 2017-18 ൽ 1.27 ലക്ഷം ക്വിന്റലും, 2018-19 ൽ 1.57 ലക്ഷം ക്വിന്റലും, 2019-20ൽ 2.00 ലക്ഷം ക്വിന്റലുമായി കയർ ഉത്പാദനം ക്രമാനുഗതമായി വർദ്ധിച്ചുവരികയാണ്. ഓരോ വർഷവും 30 ശതമാനത്തിലധികം വീതം കയർ ഉത്പാദനത്തിൽ സുസ്ഥിരമായ വളർച്ചയാണ് കൈവരിച്ചത്.

സർക്കാരിന്റെ നൂറിന നൂറുദിന പരിപാടിയിൽപ്പെടുത്തി 100 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഫാക്ടറികളാണ് സ്ഥാപിച്ചത്. ഈ യൂണിറ്റുകളിലാകെ 1000 മെഷീനുകളാണ് രണ്ടു ഷിഫ്റ്റുകളിലായി പ്രവർത്തിക്കുക. ഒരു മെഷീനിൽ ഒരു ഷിഫ്റ്റിൽ പ്രതിദിനം 45-60 കിലോഗ്രാം കയർ ഉത്പാദിപ്പിക്കാനാവും. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇത്തരത്തിൽ 100 യൂണിറ്റുകൾ കൂടി സ്ഥാപിതമാകുമ്പോൾ ആകെ 200 യന്ത്രവത്കൃത കയർപിരി യൂണിറ്റുകളാണ് ഉത്പാദനക്ഷമമാകുന്നത്. ഇങ്ങനെ ഈ സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ ഈ വർഷത്തെ കയർ ഉത്പാദനം 4 ലക്ഷം ക്വിന്റലിലേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവഴി കയർ പിരി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രതിദിനം 500 രൂപ കൂലി ലഭിക്കുന്നതാണ്. കയർഫെഡ് കയർ സഹകരണ സംഘങ്ങളിൽ നിന്നും സംഭരിച്ച കയറിന്റെ വില കുടിശികയില്ലാതെ പൂർണമായും ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു.

കയർ വില കുടിശികയില്ലാതെ നൽകുന്നതുവഴി ഉത്പാദനം ഊർജ്ജിതമായി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും. അടുത്ത വർഷം ഇരട്ടി കയർ സംഭരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തൊഴിലാളികളുടെ എണ്ണത്തിലും തൊഴിൽദിനങ്ങളിലും ഉണ്ടായ വർദ്ധനവാണ് ഈ കണക്കുകളിൽ നിന്നും വെളിവാകുന്നത്. ഇത്തരത്തിൽ സംഭരിക്കുന്ന കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള കയർ ഉത്പന്നങ്ങളാക്കി രൂപാന്തരപ്പെടുത്തിയാണ് വിപണനം ചെയ്യുന്നത്. അതുവഴി ഉത്പന്നമേഖലയിലെ തൊഴിലാളികളുടെ തൊഴിൽദിനങ്ങളിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ വിജയകരമായ നടത്തിപ്പും ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് നൽകുന്ന നിർലോഭമായ സഹായസഹകരണങ്ങളും കൊണ്ടാണ് കയർഫെഡിന് ഈ നേട്ടങ്ങൾ കൈവരിക്കാനായതെന്ന് കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ പറഞ്ഞു.


## പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



*കയർ വ്യവസായം മാസികയുടെ ഒക്ടോബർ ലക്കം കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ.കെ.പ്രസാദിന് ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്യുന്നു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ കെ.ശ്രീകുമാർ, കയർ വികസന ഡയറക്ടർ കെ.എസ്.പ്രദീപ്കുമാർ, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ എന്നിവർ സമീപം*

# കയർ വ്യവസായം മാസിക ഒക്ടോബർ ലക്കം പ്രകാശനം ചെയ്തു

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം മാസികയുടെ ഒക്ടോബർ ലക്കം പ്രകാശനം ചെയ്തു. സംസ്ഥാന സർക്കാരിന്റെ നൂറിന നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി 125 യന്ത്രവത്കൃത കയർ യൂണിറ്റുകൾ പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു. ഈ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം വാഴമുട്ടം കയർ വ്യവസായ സംഘത്തിൽ ചേർന്ന സമ്മേളനത്തിൽ കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പത്മകുമാർ ഐ.എ.എസ്, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ.കെ.പ്രസാദിന് ആദ്യ കോപ്പി നൽകിയാണ് ഒക്ടോബർ ലക്കം പ്രകാശനം ചെയ്തത്. തിരുവനന്തപുരം കോർപ്പറേഷൻ മേയർ കെ.ശ്രീകുമാർ, കയർ വികസന ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന കെ.എസ്.പ്രദീപ്കുമാർ, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ.കെ.ആർ.അനിൽ, കയർ വികസന വകുപ്പ് ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ വകുപ്പ് സ്പെഷ്യൽ ഓഫീസർ സി.അഭിഷേക്, വാഴമുട്ടം സംഘം പ്രസിഡന്റ് ഡി.ബി ജോയ് കയർ വകുപ്പിലെയും കയർ പൊതുമേഖലാ സ്ഥാപനങ്ങിലെയും ഉദ്യോഗസ്ഥ മോധാവികൾ, രാഷ്ട്രീയ-സാമൂഹിക രംഗത്തെ പ്രമുഖ വ്യക്തികൾ, കയർ സഹകരണ സംഘം ഭാരവാഹികൾ, സഹകാരികൾ തൊഴിലാളികൾ തുടങ്ങിയവർ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

## വായിക്കുക....
## വരിക്കാരാകുക....



RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-11-2020, November 2020




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705